
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 38 | THE ONLINE OFFICIAL NEWS BULLETIN | 2025 September 18

SEASON OF THE HOLY CROSS | സ്ലീബാകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
21 1st Sunday after the Holy Cross 1	22 5	 23 102nd Mem. of Alvaris Mar Yulios (St. Mary's Church, Panchim, Goa) 1	 24 Comme. of St. Dimeth the Persian 5	 25 131st Mem. of H.H.Ignatios Peter III Patriarch 1	26 5	27 1



കുഴിമറ്റം സെന്റ് ജോർജ് പള്ളിയുടെ ശതോത്തര രജതജൂബിലി ഉദ്ഘാടനം ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് നിർവഹിച്ചു. വികാരി ഫാ. തോമസ് മാത്യുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോട്ടയം എം.എൽ.എ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ശതോത്തര രജത ജൂബിലി ലോഗോ പ്രകാശനം ചെയ്തു.



ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യയും, നാഷണൽ ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഇൻഡോനേഷ്യയും ചേർന്ന് സംഘടിപ്പിക്കുന്ന ഇന്റർ - റിലീജിയസ് കോൺഫറൻസിൽ പങ്കെടുക്കാൻ ജക്കാർത്തയിലെത്തിയ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ സമ്മേളന പ്രതിനിധികൾക്കൊപ്പം. മലങ്കര, കോപ്റ്റിക്ക്, റഷ്യൻ ഓർത്തഡോക്സ് സഭകൾക്ക് പുറമേ വിവിധ മത നേതാക്കൾ മൂന്ന് ദിവസങ്ങളിലായി നടക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കും. Freedom of Religion and Rights of Religious Minorities in Asia എന്നതാണ് കോൺഫറൻസിന്റെ മുഖ്യചർച്ചാ വിഷയം.



മട്ടാഞ്ചേരി കൂനൻകുരിശു പള്ളിയിൽ അഖില മലങ്കര പ്രാർത്ഥനയോഗം കേന്ദ്ര കമ്മറ്റി അംഗങ്ങളും പ്രസ്ഥാനം പ്രസിഡന്റ് മാത്യൂസ് മാർ തേവോദോസിയോസിനോടൊപ്പം.



കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ 113-ാം വാർഷികത്തിൽ മലങ്കരസഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ സഖറിയാ മാർ സേവേറിയോസ് മെത്രാപ്പോലീത്താ വിശുദ്ധ കുർബാന അർപ്പിച്ച ശേഷം കാതോലിക്കേറ്റ് പതാക ഉയർത്തുന്നു. അരമന മാനേജർ യാക്കോബ് റമ്പാൻ, ഫാ. എബ്രഹം ജോർജ് കോർഎപ്പിസ്കോപ്പാ എന്നിവർ സമീപം.




പരുമല ആശുപത്രി വാർഷികാഘോഷം

പരുമല ആശുപത്രിയുടെ വാർഷികാഘോഷവും ഇന്റർവെൻഷണൽ റേഡിയോളജി (IR) വിഭാഗത്തിന്റെ ഒന്നാം വാർഷികാഘോഷവും സമുചിതമായി നടത്തപ്പെട്ടു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ, തിരുവല്ല തഹസിൽദാറും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമായ ജോബിൻ കെ. ജോർജ് ഉദ്ഘാടനം ചെയ്തു. ആശുപത്രി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഫാ. എം. സി. പൗലോസ്, മാനേജ്മെന്റ് കമ്മിറ്റി അംഗം ഫാ. റോയി പി തോമസ്, ആശുപത്രി ചാപ്ലിൻ ഫാ. ജിജു വർഗീസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷെറിൻ ജോസഫ്, IR വിഭാഗം ഡയറക്ടർ & സീനിയർ കൺസൾട്ടന്റ് ഡോ. ബിബിൻ സെബാസ്റ്റ്യൻ, കൺസൾട്ടന്റ് ഇന്റർവെൻഷണൽ ന്യൂറോളജിസ്റ്റ് ഡോ. വിശാൽ വി പണിക്കർ, ആശുപത്രി മാനേജ്മെൻറ് കമ്മിറ്റി അംഗം അലക്സ് അരികുപുരം എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1959)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



13 വെള്ളി. കോട്ടയം, മൂവാറ്റുപുഴ. തൃശൂർ വികാരി മർക്കോസ് കത്തനാർ രാവിലെ പോയി. അയ്യംപള്ളിക്കാരും രാവിലെ പോയി. നാളെ അവർ തൃശൂർ വന്നു കണ്ടുകൊള്ളാമെന്നും പറഞ്ഞു. മണലിൽ യാക്കോബ് കത്തനാരും മാനേജർ യാക്കോബ് കത്തനാരും നമ്മെ വന്നു കണ്ടു വർത്തമാനങ്ങളൊക്കെ പറഞ്ഞു. എം.ഡി. ഹെഡ്മാസ്റ്ററും പൈലോ വാദ്ധ്യാരും കൂടെ നമ്മെ വന്നു കാണുകയും എം.ഡി. യുടെ വക സ്ഥലത്തിന്റെ കേസു കാര്യങ്ങൾ പറയുകയുണ്ടായി. ഈവാനിയോസ് മെത്രാച്ചൻ നമ്മെ വന്നു കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. നാളെ കോടിയാട്ടു കുട്ടിയുടെ പള്ളികൂദാശ ഉണ്ടെന്നും പീലക്സിനോസ് മെത്രാനും യൂലിയോസും കൂടെയാണ് ചെയ്യുന്നതെന്നും കേട്ടു. എന്നാൽ തിരുവല്ലാക്കാർ അതിനു സ്റ്റേ കൊടുപ്പിക്കാൻ ആലോചനയുണ്ടെന്നും കേട്ടു. പി. സി. ചെറിയാനും വേറെ രണ്ടു മൂന്നു പേരും കൂടെ നമ്മെ വന്നു കാണുകയും പുത്തനങ്ങാടി കുരിശുപള്ളിയിലെ പൊതുയോഗത്തിന്റെ കാര്യവും അന്ന് അവിടെയുള്ള മീറ്റിംഗിൽ 18 വീടന്മാരല്ലാതെ ആരെയും പ്രവേശിപ്പിച്ചില്ലെന്നും ആയതിൽ എല്ലാവർക്കും പ്രതിഷേധമുണ്ടെന്നും മറ്റുമുള്ള കാര്യങ്ങൾ പറഞ്ഞു. എന്നാൽ അതെപ്പറ്റി നമുക്കു സാവകാശമായിട്ടും എല്ലാവർക്കും പിണക്കമില്ലാത്ത രീതിയിലും കൊണ്ടുപോകാമെന്നും അതിൽ വിഷമിക്കേണ്ട നാം വേണ്ടതൊക്കെ ചെയ്യാമെന്നും പറഞ്ഞു.

മലബാറിൽ നിന്നും തോട്ടാമറ്റത്തിൽ ദാനിയേൽ കത്തനാരും അപ്പനും വേറെ രണ്ടു പേരും കൂടെ നമ്മെ വന്നു കാണുകയും കുറ്റിപ്പാലയ്ക്കൽ യോഹന്നാൻ കത്തനാർ പുളിയക്കോട്, കരുവാരകുണ്ട് മുതലായ പള്ളികളിൽ പ്രവേശിച്ചു കൂടാ എന്നുള്ള നിരോധന കല്പന നാം കൊടുത്തതു മൂലം അയാൾ പള്ളിയിൽ പ്രവേശിക്കാതെ വീടുകളിൽ വച്ച് മാമോദീസാ നടത്തുകയും ട്രസ്റ്റിയെ കൈക്കലാക്കിക്കൊണ്ടു പള്ളികളുടെ ഭണ്ഡാരം കുത്തിത്തുറന്നു എന്നും മറ്റും നമ്മെ അറിയിച്ചു. തുമ്പോണുകാരൻ മലബാറിലുള്ള കുറിയാക്കോസ് കത്തനാരും അവരുടെ കൂടെ വന്നിരുന്നു.

നാളെ നമ്മുടെ കേസു വാദിച്ച എം. കെ. നമ്പ്യാർ വക്കീൽ എറണാകുളത്തു ഉണ്ടെന്നും നമുക്കു കാണുവാൻ സൗകര്യമുണ്ടെന്നും അതനുസരിച്ചു അദ്ദേഹത്തിനും മറ്റും കൊടുക്കാൻ ഉണ്ടാക്കിച്ചിട്ടുള്ള മെഡലുകൾ കൊടുക്കാൻ സൗകര്യമുണ്ടെന്നും മണലിൽ കത്തനാർ നമ്മോടു പറഞ്ഞു. അദ്ദേഹത്തിനും എം. ഏബ്രഹാം വക്കീലിനും കൊടുക്കുന്നതിനുള്ള മെഡലുകൾ എടുത്തുകൊണ്ടു പോകുവാൻ നിശ്ചയിച്ചു. ഉച്ചകഴിഞ്ഞു നാമും കോശി കത്തനാരും റ്റി. എം. സഖറിയാ ശെമ്മാശനും വാല്യക്കാരും കൂടെ മൂവാറ്റുപുഴയ്ക്കു പോന്നു. ഇന്നു മൂവാറ്റുപുഴ താമസിച്ചിട്ടു നാളെ എറണാകുളത്തു പോയി നമ്പ്യാരെ കാണാമെന്നു ആഗ്രഹിക്കുന്നു. 4 മണി കഴിഞ്ഞു മൂവാറ്റുപുഴയിലെത്തി. ഗവണ്മെന്റ് ഹൗസിൽ താമസിച്ചു. തീമോത്തിയോസ് മെത്രാച്ചൻ അതിനു വേണ്ടുന്ന ഒരുക്കങ്ങൾ അവിടെ ചെയ്തിരുന്നു. മെത്രാച്ചനും ശെമ്മാശന്മാരും മറ്റും ഉണ്ടായിരുന്നു. കോനാട്ട് അബ്രഹാം കത്തനാർ അവിടെ വന്നു നമ്മെ കണ്ടു വർത്തമാനങ്ങളൊക്കെ പറഞ്ഞു. 26-നു കണ്ടനാട് ഭദ്രാസന മീറ്റിംഗിൽ വരാതെ എന്തെങ്കിലും കുഴപ്പം ഉണ്ടാക്കാൻ പൗലൂസ് മാർ പീലക്സിനോസിനും കൂട്ടർക്കും ഉദ്ദേശ്യം ഉണ്ടെന്നും മറ്റും അറിഞ്ഞതായി നമ്മോടു പറഞ്ഞു. അനന്തരം മെത്രാച്ചൻ പോയി. ധാരാളം ആളുകൾ നമ്മെ വന്നു കാണുകയുണ്ടായി. പുരയ്ക്കലെ ചാക്കോച്ചന്റെ മകൻ അനുജൻ എറണാകുളത്തു നിന്നും മൂവാറ്റുപുഴ വന്നു നമ്മെ കാണുകയും നാളെ നമ്പ്യാരെ കാണുന്നതിനു സൗകര്യമുണ്ടെന്നറിയിക്കുകയും ചെയ്തു. അതനുസരിച്ചു നാളെ രാവിലെ എറണാകുളത്തിനു ചെല്ലാമെന്നു സമ്മതിച്ചു പറഞ്ഞയച്ചു. സന്ധ്യ കഴിഞ്ഞു കുന്നക്കുരുടിയിൽ നിന്നും നാരകത്തു പൗലൂസ് കത്തനാരും രണ്ടു മൂന്നു ഇടവകക്കാരും കൂടെ നമ്മെ വന്നു കാണുകയും അവിടുത്തെ കേസ് നമ്മുടെ ഭാഗക്കാർക്കു ദോഷമായിട്ടു വിധിച്ചെന്നും അതു മൂലം അവർക്കാർക്കും അവിടെ അവകാശമില്ലെന്നും ആയതുകൊണ്ടു നാം അതിനു എന്തെങ്കിലും പരിഹാരം ഉണ്ടാക്കി കൊടുക്കണമെന്നും അപേക്ഷിച്ചു. എന്നാൽ നാം എന്താണ് ചെയ്യേണ്ടതെന്നു വക്കീലന്മാരോടു കൂടെ ആലോചിക്കാൻ പറഞ്ഞു. അവർ എം. ഏബ്രഹാം വക്കീലിനെ കാണാൻ എറണാകുളത്തിനു പോയി. റ്റി. ജെ. ജോഷ്വാ കത്തനാരുടെ അപ്പനും അമ്മയും അയാളുടെ ഭാര്യയും കുട്ടികളും നമ്മെ വന്നു കണ്ടു. വേറെ വിശേഷമൊന്നുമില്ല.

14 ശനി. മൂവാറ്റുപുഴ, എറണാകുളം, തൃശൂർ. രാവിലെ തൃശൂരിൽ നിന്നും മർക്കോസു കത്തനാരും ഡോക്ടർ ചാക്കോ ജോർജും കൂടെ നമ്മെ വന്നു കണ്ടു. നമ്മെ തൃശൂർക്കു കൊണ്ടുപോകാനാണു വന്നത്. എന്നാൽ എം. കെ. നമ്പ്യാരെ കൂടെ കാണണമെന്നുള്ളതുകൊണ്ട് ഉച്ച കഴിഞ്ഞു തൃശൂർക്കു പോകാമെന്നുദ്ദേശിക്കുന്നു. അവർ പിറമാടത്തിനു പൗലോസ് മാർ പീലക്സിനോസിനെ കാണാൻ പോയി. ഈ മാസം 26-നു മൂവാറ്റുപുഴ വച്ചു കൂടുന്ന കണ്ടനാട് ഭദ്രാസന പൊതുയോഗത്തിൽ മൂവാറ്റുപുഴയിൽ ഒരു അരമനക്കെട്ടിടം ഭദ്രാസനം വകയായി പണിയുന്നതിനു വേണ്ട തീരുമാനം എടുക്കണമെന്നു കാണിച്ചു ഒരു കല്പന നാം തീമോത്തിയോസ് മെത്രാച്ചനെ ഏല്പിച്ചു. കാപ്പി കഴിഞ്ഞു നാം എറണാകുളത്തിനു പുറപ്പെട്ടു. 10 മണി കഴിഞ്ഞു എറണാകുളത്തെത്തി. നമ്മുടെ പള്ളിയിൽ വിശ്രമിച്ചു. എം. ഏബ്രഹാമും അനിയനും നമ്മെ വന്നു കാണുകയും നമ്പ്യാരുടെ സമയം അറിഞ്ഞു വന്നു അറിയിക്കാമെന്നു പറഞ്ഞു പോകുകയും ചെയ്തു. ഡോക്ടർ ചാക്കോ ജോർജും മർക്കോസ് കത്തനാരും അവിടെ വരികയും കാലടി വഴി വന്നു തൃശൂർക്കു പോകാമെന്നും അവർ കാലടിക്കടവിൽ എത്തി കടത്തിനു വേണ്ട ഏർപ്പാടുകൾ ചെയ്തുകൊള്ളാമെന്നും പറഞ്ഞു പോയി. എം. ഏബ്രഹാമും മറ്റും വരികയും 3 മണിക്കു വില്ലിംഗ്ടൺ ദ്വീപിലുള്ള മലബാർ ഹോട്ടലിൽ വച്ചു നമ്പ്യാ

രുമായി കാണത്തക്കവണ്ണം ഏർപ്പാടു ചെയ്തെന്നും അറിയിച്ചു. അതനുസരിച്ചു രണ്ടു മണി കഴിഞ്ഞു നാം മലബാർ ഹോട്ടലിലേക്കു പുറപ്പെട്ടു അവിടെയെത്തി. എം. ഏബ്രഹാമും അനിയനും ഉണ്ടായിരുന്നു. 3 മണിക്കു നമ്പ്യാർ മുറിയിൽ വന്നു നമ്മെ കണ്ടു വർത്തമാനങ്ങളൊക്കെ പറഞ്ഞു. സുപ്രീംകോടതി വിധിയുടെ കാര്യങ്ങളും അതു ദൈവനടത്തിപ്പാണെന്നും അതു കാണാൻ നമുക്കു ഭാഗ്യമുണ്ടായെന്നും അതു മൂലം സമാധാനം ആകുവാൻ ഇടയായെന്നും ജസ്റ്റീസ് ഭഗവതി അയാളുടെ മകനെ ഓർത്താണ് ഇങ്ങനെ വിധിച്ചതെന്നും മറ്റും കാണിച്ചു പാത്രിയർക്കീസ് കക്ഷികൾ പരാതി കൊടുത്തതാണെന്നും മറ്റുമുള്ള വർത്തമാനങ്ങൾ അദ്ദേഹം പറഞ്ഞു. ഇപ്പോൾ അങ്ങുമിങ്ങുമുള്ള വഴക്കുകളും മറ്റും സാരമില്ലെന്നും യൂലിയോസു പോയെങ്കിലേ സഭയിൽ ശരിയായ സമാധാനം ഉണ്ടാകുകയുള്ളു എന്നും മറ്റും അദ്ദേഹം പറഞ്ഞു. നമ്മുടെ നന്ദിസൂചകമായി നമ്പ്യാർക്കും എം. ഏബ്രഹാമിനും ഓരോ സ്വർണ്ണ മെഡൽ നാം സമ്മാനിച്ചു. അനന്തരം സുപ്രീംകോടതിയിൽ കേസു വിധിച്ച ജസ്റ്റീസ് ഭഗവതി വന്നിട്ടുണ്ടെന്നും അദ്ദേഹത്തെ കാണാൻ തൃശൂർ വച്ചു സൗകര്യമുണ്ടാക്കാമെന്നും അദ്ദേഹം പറഞ്ഞു. അനന്തരം നാം തൃശൂർക്കു പോന്നു. 7 മണിയോടുകൂടി മാത്രമേ കാലടി കടത്തിങ്കൽ എത്തിയുള്ളു. അപ്പോഴുണ്ടായ മഴ മൂലം കടത്തുകടവിൽ വളരെ സമയം ചെലവഴിക്കേണ്ടി വന്നു. അതുകൊണ്ടു 8 ണിയോടു കൂടി മാത്രമേ തൃശൂരിൽ എത്താൻ കഴിഞ്ഞുള്ളു. തൃശൂർ എത്തിയപ്പോഴേക്കും ധാരാളം കാറുകളുമായി ആളുകൾ കാത്തു നിന്നിരുന്നു. ഏകദേശം ഒരു മൈൽ ദൂരം കാറുകളുടെ അകമ്പടിയോടു കൂടിയ ഘോഷയാത്രയായി പള്ളിയിലെത്തി ലുത്തിനിയാ കഴിച്ചു. അനന്തരം ആളുകൾക്കു ആശീർവാദം കൊടുത്തു. മാർ സേവേറിയോസ് മെത്രാച്ചനും ഒസ്താത്തിയോസ് മെത്രാച്ചനും മല്പാൻ യോഹന്നാൻ കത്തനാരുൾപ്പെടെ ധാരാളം പട്ടക്കാരും ശെമ്മാശന്മാരും ഉണ്ടായിരുന്നു. പുതുതായി പണി കഴിപ്പിച്ചിട്ടുള്ള പള്ളിവക കെട്ടിടത്തിൽ എത്തി വിശ്രമിച്ചു. പഴഞ്ഞി, കുന്നംകുളം മുതലായ സ്ഥലങ്ങളിൽ നിന്നും പട്ടക്കാരും ആളുകളും വന്നു നമ്മെ ക്ഷണിച്ചു. ജഡ്ജി ഭഗവതിയെ കാണേണ്ടതുകൊണ്ട് 19-നു കഴിഞ്ഞു നാം കുന്നംകുളത്തിനും അവിടെ നിന്നു പഴഞ്ഞിക്കും ചെല്ലാമെന്നു പറഞ്ഞയച്ചു. പാറമേൽ കുറിയാക്കോസ് കത്തനാരും കാക്കശ്ശേരിൽ കത്തനാരും ചെറുവത്തൂർ കത്തനാരും മറ്റും വന്നിരുന്നു. തൃശൂർ ചെറുവത്തൂരെ കുഞ്ഞിപ്പാലു വാദ്ധ്യാരുടെ മകൻ ജോസഫ് ശെമ്മാശനു കത്തനാർപട്ടം കൊടുക്കണമെന്നു അപേക്ഷിച്ചിരുന്നു. അയാൾ അവിവാഹിതനാണ്. ആയതുകൊണ്ടു അവിവാഹിത ജീവിതത്തെപ്പറ്റിയും അതിന്റെ പ്രയാസങ്ങളെപ്പറ്റിയും അയാൾക്കു നാം ഗുണദോഷം കൊടുത്തു. സേവേറിയോസ് മെത്രാച്ചനുമെല്ലാം സന്തോഷമായിരുന്നു. മെത്രാച്ചന്മാർ ഇവിടെ താമസിക്കുന്നു. നാളെ മൂന്നിന്മേൽ കുർബ്ബാനയാണ്. വേറെ വിശേഷമൊന്നുമില്ല.

15. ഞായർ. തൃശൂർ. സ്കറിയായോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച. നമ്മുടെ പ്രധാന കാർമ്മികത്വത്തിലും മെത്രാച്ചന്മാരുടെ സഹകരണത്തിലും വി. മൂന്നിന്മേൽ കുർബ്ബാന നടന്നു. കുർബ്ബാനമദ്ധ്യേ നാം ഇന്നത്തെ വായനാഭാഗത്തെക്കുറിച്ച് പ്രസംഗിച്ചു. അനന്തരം ചെറുവത്തൂർ ജോസഫ് ശെമ്മാശനു കത്തനാർപട്ടം കൊടുത്തു. കുർബ്ബാന കഴിഞ്ഞു പുതിയ പട്ടക്കാരന്റെ കൈമുത്തി എല്ലാവരും പിരിഞ്ഞു. ഈ സെന്റ് ഇഗ്നാത്തിയോസ് പള്ളി വച്ചിട്ട് 50 വർഷം തികയുന്ന ദിവസമാണ്. സുവർണ്ണ ജൂബിലിയാണ്. ആയതുകൊണ്ട് ഇന്നു ശുശ്രൂഷയിൽ പങ്കുകൊണ്ട എല്ലാവർക്കും ഉച്ചഭക്ഷണം കൊടുക്കുകയുണ്ടായി. ഇവിടെ അടുത്തുള്ള പല സ്ഥലങ്ങളിൽ നിന്നും ധാരാളം ആളുകൾ നമ്മെ വന്നു കണ്ടു. ഉച്ചകഴിഞ്ഞു മൂന്നു മണിക്കു ജൂബിലി മെമ്മോറിയൽ കെട്ടിടത്തിന്റെ കൂദാശ നടത്തി. അതിനെ തുടർന്ന് ഒരു പൊതു മീറ്റിംഗും ഉണ്ടായിരുന്നു. നമ്മുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടന്നു. ഒസ്താത്തിയോസ് മെത്രാച്ചനും സേവേറിയോസ് മെത്രാച്ചനും പ്രസംഗിച്ചു. ഇവിടുത്തെ വികാരി മർക്കോസ് കത്തനാർ പട്ടം ഏറ്റിട്ട് 50 വർഷം തികയുന്ന ദിവസവുമാണ്. ഇടവകക്കാർ അയാൾക്കു ഒരു കാപ്പാക്കൂട്ടം സമ്മാനമായി കൊടുത്തു. നാം അത് അയാൾക്കു സമ്മാനിച്ചു. ഒടുവിൽ നാം പ്രസംഗിക്കുകയും ചെയ്തു. മീറ്റിംഗ് കഴിഞ്ഞ് നമ്മുടെയും മെത്രാച്ചന്മാരുടെയും ഫോട്ടോ എടുത്തു. ധാരാളംപേർ നമ്മെ വന്നു കണ്ടു. വേറെ വിശേഷമൊന്നുമില്ല. മെത്രാച്ചന്മാരും ഇവിടെ താമസിക്കുന്നു.

11 തിങ്കൾ. തൃശൂർ. രാവിലെ കാപ്പി കഴിഞ്ഞ് ഒസ്താത്തിയോസ് മെത്രാച്ചൻ മുളന്തുരുത്തിക്കു പോയി. മലബാറിൽ നിന്നും കുറ്റിപ്പാലയ്ക്കൽ യോഹന്നാൻ കത്തനാർ നമ്മെ വന്നു കണ്ടു. കരുവാരക്കുണ്ടു മുതലായ പള്ളികളിൽ കയറിക്കൂടാ എന്നുള്ള നമ്മുടെ കല്പന മൂലം സങ്കടം അറിയിക്കാൻ വന്നതാണ്. മലബാറിലെ കാര്യങ്ങളെല്ലാം കുഴഞ്ഞ രീതിയിലാണ്. സേവേറിയോസ് മെത്രാച്ചൻ അന്വേഷിച്ചു മലബാറിലെ കാര്യങ്ങളുടെ റിപ്പോർട്ട് നമുക്കു സമർപ്പിച്ചു. എന്നാൽ ഒസ്താത്തിയോസ് മെത്രാച്ചൻ അവിടെ ചെന്നു കാര്യങ്ങളെല്ലാം പറഞ്ഞു തീർക്കത്തക്കവണ്ണം നാം അദ്ദേഹത്തോടു പറഞ്ഞു. കുന്നംകുളത്തു നിന്നും കാക്കശ്ശേരിൽ കത്തനാരും ചെറുവത്തൂർ കത്തനാരും ട്രസ്റ്റി പനയ്ക്കൽ മാത്തുവും ഇയ്യുവും മറ്റും എം. ഏബ്രഹാം വക്കീലിനെയുംകൊണ്ടു ഇവിടെ വരികയും കുന്നംകുളം സിംഹാസനപ്പള്ളിക്കേസിൽ പത്രിക തയ്യാറാക്കുന്ന കാര്യം പറയുകയും ചെയ്തു. അവർ ഇവിടെ ഇരുന്നു തയ്യാറാക്കി നമ്മെക്കൊണ്ടു ഒപ്പിടുവിച്ചു. ഏബ്രഹാം വക്കീലിനു നാം കേസിനു വേണ്ടി 150 രൂപാ കൊടുത്തു. കൂടാതെ അയാൾക്കു രൂപാ കൊടുക്കണമെന്നു പനയ്ക്കൽ മാത്തുവിനോടും മറ്റും നാം പറയുകയും ചെയ്തു. ജഡ്ജി ഭഗവതിയെ കാണാൻ നാം ആഗ്രഹിച്ചു ഇവിടെ താമസിക്കുന്നു എന്നും വിവരം അറിഞ്ഞു ഏബ്രഹാം കൂടെ വരാൻ നാം പറഞ്ഞയയ്ക്കയും ചെയ്തു.

നാം കുന്നംകുളത്തു ചെല്ലുമ്പോൾ സിംഹാസനപ്പള്ളിയിൽ പ്രവേശിക്കണമെന്നു സേവേറിയോസ് മെത്രാച്ചനും കുന്നംകുളത്തെ പട്ടക്കാരും നമ്മോടു പറഞ്ഞു. സന്ധ്യയ്ക്കു മുമ്പായി അവർ എല്ലാവരും പോയി. സേവേറിയോസ് മെത്രാച്ചൻ കുന്നംകുളത്തു വന്നേക്കാമെന്നു പറഞ്ഞു കൊരട്ടിക്കു പോയി. വേറെ വിശേഷമൊന്നുമില്ല.

17 ചൊവ്വ. തൃശൂർ. ഇന്നു രാവിലെ ഇവിടെ വി. കുർബ്ബാന ഉണ്ടായിരുന്നു. പി. വി. കോശി കത്തനാരാണ് ചൊല്ലിയത്. നാമും മർക്കോസ് കത്തനാരും മറ്റും സംബന്ധിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ കോട്ടയത്തിനു പോയി. ഡോക്ടർ ചാക്കോ ജോർജും പൗലോസ് ജഡ്ജിയും മറ്റു പ്രധാനികളും നമ്മെ വന്നു കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. കുന്നംകുളം മുനിസിപ്പൽ ചെയർമാൻ ഇയ്യാക്കു ഇവിടെ വന്നു ഒരു സ്വീകരണം തരുവാൻ മുൻസിപ്പൽ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടെന്നും ആയതുകൊണ്ടു നമ്മുടെ അനുവാദം വാങ്ങിക്കാൻ വന്നതാണെന്നും പറയുകയുണ്ടായി. സഭാസമാധാനത്തിനു ശേഷമുള്ള നമ്മുടെ ആദ്യത്തെ വരവായതുകൊണ്ടു ഒരു സ്വീകരണം കൊടുക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നതെന്നും അയാൾ പറഞ്ഞു. നാം അതു സമ്മതിച്ചു.

ജസ്റ്റീസ് ഭഗവതിയും മറ്റും ഉൾപ്പെട്ട ജൂറിസ്റ്റു കമ്മീഷൻ തെളിവെടുപ്പ് സംബന്ധിച്ചു കോഴിക്കോടിനു പോയി എന്നു പത്രത്തിൽ കണ്ടു. തൃശൂരും പരിസരങ്ങളിലുമുള്ള പല ഇടവകക്കാരും നമ്മെ വന്നു കണ്ടു. വേറെ വിശേഷമൊന്നുമില്ല.

18 ബുധൻ. തൃശൂർ. ഇന്നു പ്രത്യേകിച്ചു വിശേഷമൊന്നുമില്ല. ഡോക്ടറും മറ്റും നമ്മെ വന്നു കണ്ടു. നമ്മുടെ കാലിലെ നീരു കുറവില്ല. അതിനു ഒരു പുതിയ മരുന്നു ചെയ്യാമെന്നു ഡോക്ടർ പറഞ്ഞു. കാട്ടകാമ്പാൽ ഇടവകക്കാർ ഇവിടെ വന്നു നമ്മെ കാണുകയും നാം പഴഞ്ഞിക്കു പോകുമ്പോൾ അവരുടെ പള്ളി കൂടെ സന്ദർശിക്കണമെന്നു അപേക്ഷിക്കുകയുണ്ടായി. കുന്നംകുളത്തു നിന്നും ബഥനിയിലെ ഗീവറുഗീസു കത്തനാർ നമ്മെ വന്നു കാണുകയും നാം കുന്നംകുളത്തിനു പോകുന്ന വഴി ബഥനിപള്ളി കൂടെ സന്ദർശിക്കണമെന്നറിയിച്ചു. വേറെ വിശേഷമൊന്നുമില്ല.

19 വ്യാഴം. തൃശൂർ. സുപ്രീംകോടതി ജഡ്ജി ഭഗവതി ഇവിടെ വരുന്നില്ലയെന്നും അദ്ദേഹവും പാർട്ടിയും കോഴിക്കോടു വഴി മടങ്ങിപ്പോകയാണെന്നും ഡോക്ടർ ചാക്കോ ജോർജ് പറഞ്ഞറിഞ്ഞു. കുന്നംകുളത്തുനിന്നും കാക്കശ്ശേരിൽ ജോസഫ് കത്തനാരും ചെറുവത്തൂർ കത്തനാരും കൂടെ ഇവിടെ വന്നു നമ്മെ കാണുകയുണ്ടായി. നാളെ നാലു മണിയോടുകൂടെ ഇവിടെ നിന്നു കുന്നംകുളത്തിനു പുറപ്പെടണമെന്നു പറഞ്ഞു. എം. ഏബ്രഹാം വക്കീൽ ഇവിടെ വന്നു നമ്മെ കാണുകയും കുന്നംകുളം സിംഹാസനപള്ളി കേസിന്റെ അവധി നാളത്തേക്കു വച്ചു എന്നും വാദികളുടെ അന്യായത്തെപ്പറ്റിയുള്ള പത്രിക തയ്യാറാക്കിയതു നമ്മെ വായിച്ചു കേൾപ്പിക്കുകയും ചെയ്തു. സിംഹാസനപ്പള്ളികളുടെ മേൽ നമുക്കു യാതൊരു അവകാശവുമില്ലെന്നും ഇവിടെ സമാധാനമുണ്ടായില്ലെന്നും പാത്രിയർക്കീസ് സ്വീകരിക്കാൻ ഇഷ്ടമായതേ ഉള്ളൂ, സ്വീകരണം നടന്നിട്ടില്ലെന്നും മറ്റുമാണ് യൂലിയോസിന്റെ അന്യായം. അതിനു മറുപടിയെന്നോണം പത്രിക വിവരിച്ചിട്ടുണ്ട്. എം. ഏബ്രഹാം കഴിഞ്ഞ ദിവസം ഇവിടെ വന്നിട്ടുപോയപ്പോൾ വളരെ ഇരുട്ടിയതു നിമിത്തം ജഡ്ജി ഭഗവതിയുടെ കാര്യത്തിനു രാവിലെ ഫോൺ ചെയ്തപ്പോഴേക്കും അവർ കോഴിക്കോട്ടിനു പോയി എന്നറിഞ്ഞതായും ഇന്നു കാണാൻ ഒക്കുകയില്ലെന്നും പറഞ്ഞു. ഡോക്ടർ

ചാക്കോ ജോർജ് നമ്മെ കാണുകയും ഇന്നു വൈകിട്ട് അഞ്ചു മണിയോടുകൂടെ ഇവിടെ ചെമ്പുക്കാവ് പള്ളിയിലെത്തി സന്ധ്യാനമസ്കാരം നടത്തി എല്ലാവരെയും കാണണമെന്നു അപേക്ഷിച്ചു. കാലിലെ നീരിനു പുതിയ മരുന്നു ചെയ്തു.

5 മണിയോടുകൂടെ നാമും കോശി കത്തനാരും ഇവിടുത്തെ പട്ടക്കാരും കൂടെ ചെമ്പുക്കാവ് പള്ളിയിലേക്കു പോയി. പള്ളിയിലെത്തി ലുത്തിനിയായും അതെ തുടർന്ന് സന്ധ്യാ നമസ്കാരവും നടത്തി. അനന്തരം നാം ഒരു പ്രസംഗം ചെയ്തു. അനന്തരം ആശീർവാദവും കഴിഞ്ഞു നാം ഉടൻതന്നെ തിരിച്ചുപോന്നു. ഇഗ്നാത്തിയോസ് പള്ളിയിൽ താമസിച്ചു. തോനയ്ക്കാട്ടുകാരൻ തട്ടാശ്ശേരി യാക്കോബ് കത്തനാർ ഇവവിടെ വന്നു നമ്മെ കാണുകയും ദീവന്നാസിയോസ് മെത്രാച്ചന്റെ ഒരു കത്ത് നമുക്കു തരികയും ചെയ്തു. അയാൾക്കു ഒരു 200 രൂപ കടം കൊടുക്കണമെന്നുള്ളതായിരുന്നു അതിൽ. എന്നാൽ നാം അതിൻപ്രകാരം പരുമല മാനേജർക്കു ഒരു കല്പന കൊടുത്തയച്ചു. വേണ്ട രേഖ വാങ്ങിച്ചുകൊണ്ടു 200 രൂപ കടം കൊടുക്കുന്നതിനു എഴുതിക്കൊടുത്തു. വേറെ വിശേഷമൊന്നുമില്ല. നാളെ ഉച്ചകഴിഞ്ഞു കുന്നംകുളത്തിനു പോകാൻ നാം ഉദ്ദേശിക്കുന്നു.

20 വെള്ളി. രാവിലെ കുന്നംകുളത്തു നിന്നും ബഥനിയിലെ ഗീവറുഗീസ് കത്തനാർ നമ്മെ വന്നു കാണുകയും കുന്നംകുളത്തേക്കു പോകുന്ന വഴി അയാളുടെ ബഥനിപ്പള്ളിക്കൂടം നാം സന്ദർശിക്കണമെന്നു ഓർപ്പിച്ചു. നാം അതു സമ്മതിച്ചു. കുന്നംകുളം സിംഹാസനപ്പള്ളിക്കാർ ഒരു injunction case നമുക്കു വേണ്ടി കൊടുത്തിട്ടുണ്ടെന്നും ആയതിന്റെ വിധി അറിയാതെ നാം സിംഹാസപ്പള്ളിയിലേക്കു പോകണ്ടായെന്നും എം. ഏബ്രഹാം വക്കീൽ നമ്മോടു പറഞ്ഞു. ഉച്ച കഴിഞ്ഞു നാം പള്ളിയിലെത്തി ലുത്തിനിയായ്ക്കു ശേഷം തൃശൂർ നിന്നും കുന്നംകുളത്തേക്കു യാത്ര തിരിച്ചു. കുന്നംകുളത്തു നിന്നും പാറമേൽ കത്തനാരും കാക്കശ്ശേരി കത്തനാരും മറ്റു കത്തനാരന്മാരും കൂടെ വന്നു സ്വീകരിച്ചുകൊണ്ടുപോയി. അനേകം കാറുകളുടെ അകമ്പടിയോടു കൂടെയാണ് നമ്മെ സ്വീകരിച്ചു കൊണ്ടുപോയത്. ബഥനിപ്പള്ളിയുടെ പടിയ്ക്കൽ ഗീവറുഗീസു കത്തനാരും ആളുകളും കാത്തു നിന്നിരുന്നു. അവർ നമ്മെ ആ പള്ളിയിലേക്കു സ്വീകരിച്ചു. ലുത്തിനിയാ കഴിഞ്ഞു കാപ്പി കുടിച്ചതിനു ശേഷം കുന്നംകുളം പഴയപള്ളിയിലേക്കു പോന്നു. നേരത്തെ അനുവാദം വാങ്ങിയതനുസരിച്ചു സൗത്ത് ഇന്ത്യൻ ബാങ്കുകാർ നമുക്കു ഹാരാർപ്പണം നടത്തുകയുണ്ടായി. അനന്തരം പഴയപള്ളിയിലെത്തി ലുത്തിനിയാ നടത്തി. അതിനുശേഷം വടക്കുവശത്തെ മുറ്റത്തു തയ്യാറാക്കിയിരുന്ന പ്ലാറ്റുഫോറത്തിൽ കയറി നാം പ്രസംഗിച്ചു. ഒരു വമ്പിച്ച ജനക്കൂട്ടം ഉണ്ടായിരുന്നു. അനന്തരം ആശീർവാദവും കൊടുത്തു. കുന്നംകുളത്തെ പട്ടക്കാരെല്ലാവരും ഉണ്ടായിരുന്നു. കാട്ടകാമ്പാൽ, പഴഞ്ഞി മുതലായ സ്ഥലങ്ങളിൽ നിന്നും പട്ടക്കാരും ആളുകളും ഇവിടെ വന്നു നമ്മെ കാണുകയും അവരുടെ പള്ളികളിലേക്കു ചെല്ലണമെന്ന് അപേക്ഷിക്കയും ചെയ്തു. നമുക്കു സുഖമുണ്ടെങ്കിൽ നാം ചെല്ലാമെന്നു പറഞ്ഞു. വേറെ വിശേഷമൊന്നുമില്ല.

21 ശനി. കുന്നംകുളം. ധാരാളം ആളുകൾ നമ്മെ വന്നു കാണുകയുണ്ടായി. സിംഹാസനപള്ളിയിലെ രണ്ടു പട്ടക്കാരും പുലിക്കോട്ടിൽ ജോസഫ് കത്തനാരും, ചെറുവത്തൂർ മാത്തു കത്തനാരും നമ്മെ കണ്ടു വർത്തമാനങ്ങളെല്ലാം പറഞ്ഞു. പഴഞ്ഞി പള്ളിയിൽ നിന്നും ആളുകൾ നമ്മെ വന്നു കണ്ടു. ഇവിടുത്തെ സിംഹാസനപ്പള്ളിയിൽ നാം പ്രവേശിക്കരുതെന്നുള്ള ഉദ്ദേശ്യത്തിൽ ഒരു നിരോധന ഹർജി കൊടുത്തിരുന്നു. അതിന്റെ വിധി ഇന്ന് ഉണ്ടാകുമെന്നും അറിഞ്ഞു. 5 മണി കഴിഞ്ഞു അതിന്റെ വിധി ഉണ്ടായി. നാം പ്രവേശിക്കുന്നതുകൊണ്ടു തൽക്കാലം ഒരു കുഴപ്പവും ഉണ്ടാകുകയില്ലെന്നും ആയതുകൊണ്ടു നമ്മെ നിരോധിക്കേണ്ട ആവശ്യമില്ലെന്നുമാണ് വിധിയുണ്ടായത്. പട്ടക്കാരും ആളുകളും ഇവിടെ കൂടിയിരുന്നു. നമ്മെ വിവരം അറിയിച്ചു. നാം അവിടെയെത്തി ഇന്നു സന്ധ്യാനമസ്കാരവും നാളെ ആ പള്ളിയിൽ കുർബ്ബാനയും നടത്തണമെന്നു ഇവിടുത്തെ കത്തനാരന്മാർ നമ്മോടു പറഞ്ഞെങ്കിലും നാം ഉടനെ ചെന്നു അവിടെ കയറുന്നതു നന്നല്ലെന്നും ആയതുകൊണ്ടു നാളെ ആർത്താറ്റ് വലിയപള്ളിയിൽ കുർബ്ബാന ചൊല്ലി കഴിഞ്ഞു സിംഹാസനപള്ളിയിലെത്തി ധൂപം വയ്ക്കാം എന്നു മാത്രം പറഞ്ഞു. നാളെ വലിയപള്ളിയിൽ കുർബാന ചൊല്ലുവാൻ നാം ആഗ്രഹിക്കുന്നു. വേറെ വിശേഷമൊന്നുമില്ല.

22 ഞായർ. കുന്നംകുളം. രാവിലെ ആർത്താറ്റു വലിയപള്ളിയിലെത്തി നാം വി. കുർബ്ബാന ചൊല്ലി. സേവേറിയോസ് മെത്രാച്ചൻ രാവിലെ അവിടെ വന്നു

ഉച്ചകഴിഞ്ഞു മണലിൽ യാക്കോബ് കത്തനാരും മാനേജർ യാക്കോബ് കത്തനാരും ചെറിയാൻ വക്കീലും എറികാട്ടു ബേബിയും ഉപ്പൂട്ടിൽ കുഞ്ഞച്ചനും മറ്റും വരികയും മാനേജിംഗ് കമ്മിറ്റിയിലേക്കു നാം നോമിനേറ്റു ചെയ്യേണ്ടവരുടെ പേരുകൾ ആലോചിച്ചു പറയുകയും ചെയ്തു. 18 പേരെയാണു നാം നോമിനേറ്റു ചെയ്യേണ്ടത്. 18 പേരുടെ പേരുകൾ അവർ നമ്മോടുകൂടെ ആലോചിച്ചു പറഞ്ഞു.

കുർബ്ബാനയിൽ സംബന്ധിച്ചു. കുർബ്ബാനമദ്ധ്യേ വി. മാതാവിന്റെ വചനിപ്പിനെപ്പറ്റിയുള്ള ഇന്നത്തെ വായനാഭാഗത്തിൽ നിന്നും നാം പ്രസംഗിച്ചു. കുർബ്ബാന കഴിഞ്ഞു നാം ആർത്താറ്റു സിംഹാസനപള്ളിയിലേക്കു പോകുന്നതാണെന്നു വികാരി പള്ളിയിൽ പ്രസ്താവിച്ചു. കുർബ്ബാന കഴിഞ്ഞു കാപ്പി കുടിച്ചശേഷം മെത്രാച്ചൻ സിംഹാസനപള്ളിയിലേക്കു പോയി. അനന്തരം നാം ആ പള്ളിയിലേക്കു പോയി. ആരാധനയിൽ സംബന്ധിച്ച ആബാലവൃദ്ധം ജനങ്ങളും കുരുത്തോലകൾ എടുത്തുകൊണ്ടു ഹാലേലുയ്യാകളോടും സ്തോത്രഗാനങ്ങളോടും കൂടെ സിംഹാസനപ്പള്ളിയിലേയ്ക്കു നമ്മെ എതിരേറ്റു കൊണ്ടുപോയി. ഏറ്റവും ഹൃദയസ്പർശകമായ ഒരു സംഭവമായിരുന്നു അത്. പള്ളിയിലെത്തിയപ്പോൾ സേവേറിയോസ് മെത്രാച്ചനും അവിടുത്തെ വികാരി ചെറുവത്തൂർ മാത്തു കത്തനാരും കൂടെ നമ്മെ സ്വീകരിച്ചു പള്ളിയിലേക്കു ആനയിച്ചു. ലുത്തിനിയാ കഴിഞ്ഞു നാം പ്രസംഗിച്ചു. ഇന്ന് ഇവിടെ വരുവാൻ സാദ്ധ്യമായതിനെപ്പറ്റിയും ഈ പള്ളിയുടെ സ്ഥാപകനും ഇവിടെ കബറടങ്ങിയിരിക്കുന്ന ദേഹവുമായ മാർ ഒസ്താത്തിയോസ് നമ്മുടെ ഒരു വലിയ സ്നേഹിതനും ഞങ്ങൾ ഒരുമിച്ചു താമസിച്ചിട്ടുള്ളവരാണെന്നും മറ്റും നാം പറഞ്ഞു.

എന്നാൽ ഏതാനും നാൾ നാം തമ്മിൽ അഭിപ്രായവ്യത്യാസത്തിലായിരുന്നു. ഇപ്പോൾ അതെല്ലാം തീർന്നു സമാധാനമായി. ആയതുകൊണ്ടു നാം എല്ലാവരും ആ സമാധാനത്തെ കൈക്കൊണ്ട് നിലനിർത്തിക്കൊണ്ടു പോകണമെന്നും പറഞ്ഞു. ഇപ്പോൾ ഇവിടെ ഒരു കേസു വീണ്ടും ഉണ്ടായിട്ടുണ്ട്. യാതൊരു കാര്യവും ഇല്ല. സമാധാനത്തിനു വിരുദ്ധമായി നാം മുമ്പോട്ടു പോകുന്നത് വളരെ കഷ്ടവും അതു അനുഗ്രഹക്കുറവും ആണ്. ദൈവം തന്ന സമാധാനത്തെ നാം ശരിയായി സ്വീകരിച്ചു മുമ്പോട്ടുപോകണമെന്നും നാം ഉദ്ബോധിപ്പിച്ചു. അനന്തരം വാഴ്വ് കൊടുത്തു. അതിനുശേഷം മാർ ഒസ്താത്തിയോസിന്റെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി നാം നേർച്ചയിട്ടു. അനന്തരം പള്ളിമുറിയിൽ അല്പസമയം വിശ്രമിച്ചു കഴിഞ്ഞു നാമും മെത്രാച്ചനും പഴയ പള്ളിയിലേക്കു പോന്നു. പെങ്ങാമുക്ക് പാത്രിയർക്കാ ഭാഗത്തെ പള്ളി വികാരി ജോൺ കത്തനാർ നമ്മെ വന്നു കാണുകയും മെത്രാച്ചൻ അയാളെ നമുക്ക് പരിചയപ്പെടുത്തിക്കൊണ്ട് അയാൾ ചെയ്തുപോയ തെറ്റുകളെ എല്ലാം ക്ഷമിക്കണമെന്നും നാം അയാളുടെ പള്ളിയിലും ചെല്ലണമെന്നു അപേക്ഷിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞു പഴഞ്ഞിയിൽ നിന്നും സി. വി. അബ്രഹാം കത്തനാരും ആളുകളും വന്നു നമ്മെ പഴഞ്ഞിയിലേക്കു കൊണ്ടുപോയി. പോയ വഴി വൈശേരി ചാപ്പലിലെത്തി ലുത്തിനിയാ നടത്തുകയും ആളുകൾക്കു വാഴ്വ് കൊടുക്കുകയും ചെയ്തു. അനന്തരം പഴഞ്ഞിക്കു പോയി. മെത്രാച്ചനും ഉണ്ടായിരുന്നു.

പഴഞ്ഞി യെറുശലേം കുരിശുപള്ളിയിലെത്തി. അവിടെ മുതലാണു പഴഞ്ഞിയിലേക്കുള്ള ഘോഷയാത്ര ആരംഭിക്കുന്നത്. ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാച്ചനും അവിടെയുണ്ടായിരുന്നു. ഘോഷയാത്ര പഴഞ്ഞി പടിഞ്ഞാറേ അങ്ങാടിയിൽ കൂടെ ചെല്ലണമെന്നും അതിനു പൊതുയോഗം എതിരാണെന്നും അതു നിമിത്തം പടിഞ്ഞാറേ അങ്ങാടിയുടെ ആരംഭസ്ഥലമായ കവലയ്ക്കു വച്ചു ആളുകൾ തമ്മിൽ ഒരു തള്ള് ഉണ്ടായി. അതുകൊണ്ടു വണ്ടി ഒരു വഴിക്കോട്ടും പോകാൻ സാദ്ധ്യമല്ലാതെ വന്നപ്പോൾ നാം വണ്ടിയിൽ നിന്നിറങ്ങി പള്ളിയിലേക്കു നടക്കുകയുണ്ടായി. നമ്മുടെ മെത്രാച്ചന്മാരും പട്ടക്കാരും ജനങ്ങളും വന്നു. അങ്ങനെ ഘോഷയാത്ര ഇടയ്ക്കു വച്ചു നിർത്തേണ്ടതായി വന്നു കൂടി. പള്ളിയിലെത്തി ലുത്തിനിയാ കഴിഞ്ഞു നാം പ്രസംഗിച്ചു. നമ്മോടുള്ള സ്നേഹവും ഭക്തിയും മൂലമാണു നാം നടക്കേണ്ടി വന്നതെന്നും ആയതുകൊണ്ടു എല്ലാവർക്കും ദൈവം അനുഗ്രഹം നൽകട്ടെയെന്നും നാം വാഴ്വ് കൊടുത്തു. അനന്തരം നാം അവിടെ താമസിച്ചു. ഗ്രീഗോറിയോസ് മെത്രാച്ചൻ ആലുവായ്ക്കു പോയി. നാം അയ്യംപള്ളിക്കു പോകുമ്പോൾ പറവൂർ പള്ളിയിൽ ഇറങ്ങണമെന്നും അദ്ദേഹം അവിടെ കാണാം എന്നും പറഞ്ഞു. സേവേറിയോസ് മെത്രാച്ചനും പഴഞ്ഞിയിൽ താമസിക്കുന്നു. നാളെ വി. മൂന്നിന്മേൽ

കുർബ്ബാന ഉണ്ടെന്നു പട്ടക്കാർ പറഞ്ഞു.

കാട്ടകാമ്പാൽ സൈമൺ കത്തനാർ, മൂലേപ്പാട്ടു ചാപ്പൽകാർ, പെങ്ങാമുക്കിൽ നിന്നും ജോൺ കത്തനാർ എന്നിവർ നമ്മെ വന്നു കാണുകയും നാളെ അവരുടെ പള്ളികൾ സന്ദർശിക്കുന്ന കാര്യം ഓർപ്പിക്കുകയും ചെയ്തു. നാളെ കുർബ്ബാന കഴിഞ്ഞു തെക്കേ അങ്ങാടിയിലുള്ള കുരിശിങ്കൽ നാം പോകണമെന്നാഗ്രഹിക്കുന്നു. ധാരാളം ജനക്കൂട്ടം ഇന്നുണ്ടായിരുന്നു. വേറെ വിശേഷമൊന്നുമില്ല.

23 തിങ്കൾ. രാവിലെ സേവേറിയോസ് മെത്രാച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന പഴഞ്ഞിപ്പള്ളിയിൽ ഉണ്ടായിരുന്നു. നാം സംബന്ധിച്ചു. കുർബാന കഴിഞ്ഞു നാം തെക്കേ അങ്ങാടി കുരിശിങ്കലേക്കു പോകുന്നതാണെന്നു വികാരി പ്രസ്താവിച്ചു. അതനുസരിച്ചു ആളുകളെല്ലാം കാത്തുനിന്നു. അനന്തരം കാപ്പി കഴിഞ്ഞു നാമും മെത്രാച്ചനും കുരിശിങ്കലേക്കു പോയി. ആളുകൾ കുരുത്തോലകൾ എടുത്തുകൊണ്ടു ആഘോഷമായിട്ടു നമ്മെ എതിരേറ്റു. കുരിശിങ്കലെത്തി ധൂപപ്രാർത്ഥന കഴിഞ്ഞു നാം പ്രസംഗിച്ചു വാഴ്‌വ് കൊടുത്തു. അനന്തരം തിരികെ പള്ളിയിലെത്തി വിശ്രമിച്ചു. ഉച്ച കഴിഞ്ഞാണു കാട്ടകാമ്പാലിനു പോകുന്നത്. പഴഞ്ഞിയിലെ പടിഞ്ഞാറേ അങ്ങാടിക്കാർ നമ്മെ വന്നു കാണുകയും ഇന്നലെ അവരുടെ സ്ഥലത്തേക്കു പോകുവാൻ ഒക്കാതെ വഴക്കുണ്ടായി നാം നടന്നു പോന്നതുകൊണ്ടു ഇന്ന് അവരുടെ അങ്ങാടിയിൽ വരെ ഒന്നു ചെല്ലണമെന്നു പറഞ്ഞെങ്കിലും നാം സമ്മതിച്ചില്ല. ഉച്ച കഴിഞ്ഞു നാം കാട്ടകാമ്പാലിനു പോകാൻ ഒരുങ്ങി ഇറങ്ങിയപ്പോൾ പഴഞ്ഞി പള്ളിയിലെ പട്ടക്കാരും കമ്മിറ്റിക്കാരും കൂടി നമ്മോടു കൂടെ ഒരു ഫോട്ടോ എടുപ്പിച്ചു. മെത്രാച്ചനും ഉണ്ടായിരുന്നു. അനന്തരം ലുത്തിനിയാ കഴിഞ്ഞു മെത്രാച്ചനും നാമും കൂടെ കാട്ടകാമ്പാൽ പള്ളിയിലേക്കു പോയി. അവർ ആഘോഷത്തോടെ സ്വീകരിച്ചു. പള്ളിയിലെത്തി ലുത്തിനിയാ, പ്രസംഗം ഇവ കഴിഞ്ഞു വാഴ്‌വ് കൊടുത്തു. അതിനുശേഷം കാപ്പികുടി കഴിഞ്ഞു മൂലേപ്പാട്ടു ചാപ്പലിലും പോയി. അവിടെയും ആഘോഷമായി സ്വീകരിച്ചു. അതിനുശേഷം പെങ്ങാമുക്ക് പള്ളി വികാരി ജോൺ കത്തനാർ അവിടെ വന്നു നമ്മെ കാണുകയും നാം അയാളുടെ പള്ളിയിലും ചെല്ലണമെന്നു അപേക്ഷിക്കുകയും ചെയ്തു. അതനുസരിച്ചു ഞങ്ങൾ അവിടെയും എത്തി ലുത്തിനിയാ കഴിഞ്ഞു പ്രസംഗിച്ചു. ആളുകൾ ധാരാളം ഉണ്ടായിരുന്നു. അയാൾ നമുക്കു 15 രൂപ കൈമുത്ത് തന്നു. എല്ലാ പള്ളികളിൽ നിന്നും നമുക്ക് കൈമുത്ത് തന്നു. സേവേറിയോസ് മെത്രാച്ചൻ അവിടെ നിന്നും ചാലിശ്ശേരിക്കു പോയി. നാം തിരികെ കുന്നംകുളം പഴയപള്ളിയിലെത്തി വിശ്രമിച്ചു. നാളെ പരുമല മെത്രാച്ചന്റെ കുരിശുപള്ളി നിൽക്കുന്ന സ്ഥലത്തു ഒരു പള്ളി പണിയാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ആയതിനു ബുധനാഴ്ച നാം കല്ലിടണമെന്നും ചിറ്റഞ്ഞൂർ എന്ന സ്ഥലത്ത് ഒരു സണ്ടേസ്കൂൾ കെട്ടിടം ഒരു പള്ളിയായി ഉയർത്തി കൂദാശ ചെയ്തു കൊടുക്കണമെന്നും കുന്നംകുളത്തെ പട്ടക്കാർ അപേക്ഷിച്ചു. വേറെ വിശേഷമൊന്നുമില്ല. നാളെ ഇവിടുത്തെ മുനിസിപ്പാലിറ്റിയുടെ വകയായ ഒരു സ്വീകരണം നമുക്കു തരുന്നുണ്ട് എന്നും ഓർപ്പിച്ചു.

24 ചൊവ്വ. കുന്നംകുളം. രാവിലെ മുനിസിപ്പൽ ചെയർമാൻ ഇയ്യാക്കു നമ്മെ വന്നു കാണുകയും 5 മണിക്കു അവരുടെ സ്വീകരണ കാര്യം നമ്മെ ഓർപ്പിക്കുകയും ചെയ്തു. ധാരാളം ആളുകൾ നമ്മെ വന്നു കാണുകയുണ്ടായി. സഭാസമാധാനത്തെപ്പറ്റി തിരുവല്ലാ കട്ടപ്പുറത്തു പള്ളിക്കു പാത്രിയർക്കീസിന്റെ ഒരു കല്പനയുണ്ടായിരുന്നതായി കേരളഭൂഷണം പത്രത്തിൽ നിന്നും സി. വി. ഇയ്യു നമ്മെ കാണിച്ചു. ഇന്നും നാളെയുമാണ് കോട്ടയം പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാച്ചന്റെ ഓർമ്മ. അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ കുന്നംകുളം കിഴക്കേ പുത്തൻപള്ളിയിലാണ് കഴിക്കുന്നത്. വൈകിട്ട് 5 മണിക്ക് കുന്നംകുളം മുനിസിപ്പാലിറ്റിയിലേക്കു പോയി. കുന്നംകുളത്തെ പട്ടക്കാരും ഉണ്ടായിരുന്നു. ചെയർമാനും കൗൺസിലറന്മാരും ജനങ്ങളും കൂടെ നമ്മെ സ്വീകരിച്ചു ഹാരമണിയിച്ചു. അനന്തരം മുൻസിപ്പൽ ചെയർമാൻ ഒരു മംഗളപത്രം വായിച്ചു. മംഗളപത്രം അടങ്ങിയ ഒരു 'കാസ്ക്കറ്റ്' നമുക്കു സമ്മാനിച്ചു. നാം അതിനു മറുപടി പറയുകയും കുന്നംകുളം മുനിസിപ്പാലിറ്റി (നഗരസഭ) നാടിന്റെ നന്മയ്ക്കായിട്ടും ദീനരുടെ സഹായത്തിനും ആയിത്തീരത്തക്കവണ്ണം പ്രവർത്തിക്കണമെന്നും ആയതിനു ദൈവം കരുണ ചെയ്യാൻ തക്കവണ്ണം നാം പ്രാർത്ഥിക്കുന്നു എന്നു പറയുകയും ചെയ്തു. അതിനുശേഷം നമ്മോടു കൂടെ ചെയർമാനും കൗൺസിലറന്മാരും കൂടെ നിന്ന് ഒരു ഫോട്ടോ എടുക്കുകയുണ്ടായി. അതിനുശേഷം ഒരു കാപ്പിസൽക്കാരം നടന്നു. അപ്പോൾ എല്ലാവരുമായി നാം പരിചയപ്പെടുകയുണ്ടായി. 6 മണിയോടു കൂടെ കിഴക്കേ പുത്തൻപള്ളിയിലേക്കു മടങ്ങിപ്പോന്നു. സേവേറിയോസ് മെത്രാച്ചൻ അവിടെ വന്നു. ഇന്നും നാളെയുമാണ് പുലിക്കോട്ടിൽ മെത്രാച്ചന്റെ പെരുനാൾ. സന്ധ്യാനമസ്കാരവും അതെത്തുടർന്ന് റാസയും അനന്തരം വാഴ്‌വും ഉണ്ടായിരുന്നു. നാം തിരികെ പഴയപള്ളിയിലെത്തി. ആളുകൾ ഒരു ഘോഷയാത്രയായിട്ടാണ് നമ്മെ അനുഗമിച്ചത്. ആളുകൾ പഴയപള്ളിയിൽ വന്നിട്ടു മടങ്ങിപ്പോയി. നാളെ മെത്രാച്ചന്റെ ഓർമ്മദിവസമായതുകൊണ്ടു നാം വി. കുർബ്ബാന ചൊല്ലണമെന്നു ആഗ്രഹിക്കുന്നു. വേറെ വിശേഷമൊന്നുമില്ല. മെത്രാച്ചനും പഴയപള്ളിയിൽ താമസിക്കുന്നു.

25 ബുധൻ. കുന്നംകുളം. രാവിലെ കിഴക്കേ പുത്തൻ പള്ളിയിലെത്തി നാം വി. കുർബ്ബാന അർപ്പിച്ചു. സേവേറിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു. കുർബ്ബാനമദ്ധ്യേ പുലിക്കോട്ടിൽ മെത്രാച്ചനെപ്പറ്റി അദ്ദേഹം പ്രസംഗിച്ചു. കുർബ്ബാന കഴിഞ്ഞു നാം പ്രസംഗിച്ചു. അനന്തരം നാം പഴയ പള്ളിയിലേക്കു പോന്നു. നമ്മുടെ കൂടെയുള്ള പി. വി. കോശി കത്തനാർക്ക് നമ്മുടെ ഒരു കാപ്പ നാം സമ്മാനമായി കൊടുത്തു. നാളെ അതിട്ടു അയാൾ ചൊല്ലുമെന്നു പറഞ്ഞു. ചെമ്മണ്ണൂർ പത്രോസ് കത്തനാർ നാം അയാളുടെ വീട്ടിലേക്കു ഒന്നു ചെല്ലണമെന്ന് അപേക്ഷിച്ചു. ഉച്ച കഴിഞ്ഞു ആകാമെന്നു നാം പറഞ്ഞു. ഉച്ച കഴിഞ്ഞു ആർത്താറ്റു പള്ളി കമ്മിറ്റിക്കാരും പട്ടക്കാരും നമ്മുടെ കൂടെ നിന്നുകൊണ്ടുള്ള ഒരു ഫോട്ടോ എടുത്തു. ബഥനിയിലെ ഗീവറുഗീസ് കത്തനാരുടെ വകയായിട്ടും ഒരു ഫോട്ടോ എടുക്കുകയുണ്ടായി. അതു കഴിഞ്ഞു ചെമ്മണ്ണൂർ പത്രോസ് കത്തനാരുടെ വീട്ടിലെത്തി പ്രാർത്ഥന കഴിഞ്ഞു കാപ്പി കുടിച്ചു. അതിനുശേഷം പരുമല മെത്രാച്ചന്റെ സ്മാരകമായി പണിയിക്കാൻ ഉദ്ദേശിക്കുന്ന പള്ളിയ്ക്കു മെത്രാച്ചന്റെ നാമത്തിൽ കല്ലിട്ടു. സേവേറിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു. അനന്തരം നാം പ്രസംഗിക്കുകയും കൈമുത്തിക്കയും ചെയ്തു. നാളെ നാം കൊരട്ടിയിൽ ചെന്നു അദ്ദേഹത്തിന്റെ കൂടെ ഒരു ദിവസം താമസിക്കണമെന്നു സേവേറിയോസ് മെത്രാച്ചൻ പറഞ്ഞു. നാം സമ്മതിച്ചു. അദ്ദേഹം കല്ലിടീൽ കഴിഞ്ഞു കൊരട്ടിക്കു പോയി. നേരത്തേ അപേക്ഷിച്ചിരുന്നതനുസരിച്ച് മൂലേപ്പാട്ടു വറുഗീസിന്റെ വീട്ടിലെത്തി പ്രാർത്ഥിച്ചു. വറുഗീസ് നമുക്ക് 100 രൂപാ കൈമുത്ത് തന്നു. അനന്തരം നാം തിരികെ പള്ളിയിലെത്തി വിശ്രമിച്ചു. നാളെ ചിറ്റഞ്ഞൂർ ചാപ്പലിന്റെ കൂദാശയാണ്. നമുക്കു കുർബാന ചൊല്ലാൻ തക്ക സൗഖ്യം ഇല്ലാത്തതുകൊണ്ടു നമ്മുടെ കൂടെയുള്ള കോശി കത്തനാർ ചൊല്ലണമെന്നു നാം പറഞ്ഞു. ഒരു ഘോഷയാത്രയായിട്ടാണ് കല്ലിടീൽ സ്ഥലത്തേക്കു ആളുകൾ കൊണ്ടുപോയത്. കുന്നംകുളത്തെ പട്ടക്കാരെല്ലാവരും ഉണ്ടായിരുന്നു. കുന്നംകുളത്തു കുത്തൂർ ചേറുവിന്റെ മകൻ ചിന്നക്കുട്ടി നമ്മെ വന്നു കാണുകയും അയാളുടെ വീട്ടിൽ ചെല്ലണമെന്നു അപേക്ഷിക്കയും നാളെ നാം പോകുന്ന വഴി വരാമെന്നു പറയുകയും ചെയ്തു. നാളെ കുർബ്ബാനയും ചാപ്പൽ കൂദാശയും കഴിഞ്ഞു തൃശൂർ എത്തി താമസിച്ചിട്ടു ഉച്ചകഴിഞ്ഞു കൊരട്ടി അരമനയിലേക്കു പോകണമെന്നു ഉദ്ദേശിക്കുന്നു. വേറെ വിശേഷമൊന്നുമില്ല.

(തുടരും)



ചീരഞ്ചിറ Fr. T. C. Jacob Memorial Holistic Hub ൽ വച്ച് 'കതിര് ' കൃഷി സ്ഥലം ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് സന്ദർശിക്കുകയും വിള വെടുപ്പ് നടത്തുകയും ചെയ്തു.

ലേഖനം

ശതാബ്ദിയുടെ നിറവിൽ സ്ലീബാദാസ സമൂഹം


സഖറിയാ പെരുമ്പടവം

ചാതുർവർണ്ണ്യ വേലിക്കെട്ടുകളാൽ വളയപ്പെട്ടിരുന്ന കേരളസമൂഹത്തിലേക്ക് മലങ്കരസഭയിൽ നിന്നും ആദ്യമായി മിഷൻ പ്രവർത്തനവുമായി മുന്നോട്ടിറങ്ങുന്നത് പരിശുദ്ധ പരുമല തിരുമേനിയാണ്. സമൂഹത്തിൽ അധഃകൃതരെന്നും നിരാലംബരെന്നും ലോകം ഗണിച്ചിരുന്നവർക്ക് ആശ്രയവും അഭയവുമായി വിജാതീയ മിഷൻ എന്ന പേരിൽ നവോത്ഥാനപ്രസ്ഥാനം സ്ഥാപിച്ച് തിരുമേനി ആ ദൗത്യത്തിനേ വേണ്ടി അക്ഷീണം പോരാടി. പക്ഷേ അതുകൊണ്ടൊന്നും ജാതി വ്യവസ്ഥയും അടിച്ചമർത്തലുകളും ലവലേശം ശമിച്ചില്ല. അധഃകൃതോദ്ധാരണം ലക്ഷ്യമാക്കി വർഷങ്ങൾക്ക് ശേഷം 1924 സ്ലീബാപ്പെരുന്നാൾ ദിവസം മൂക്കഞ്ചേരിൽ എം.പി.പത്രോസ് ശെമ്മാശൻ ആരംഭിച്ചതാണ് അബ്ദേദ് സ്ലീബോ അഥവാ സ്ലീബാദാസ സമൂഹം. വിജാതീയമിഷൻ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കുന്ന ഈ സമൂഹത്തെക്കുറിച്ച് അതിന്റെ സ്ഥാപകൻ ഇപ്രകാരം എഴുതിയിരിക്കുന്നു: “ക്രിസ്തുമാർഗ്ഗം സ്വീകരിക്കുന്ന താഴ്ന്ന വർഗ്ഗക്കാരുടെ സാമൂഹികവും സാമ്പത്തികവും ആദ്ധ്യാത്മികവുമായ ഉന്നമനമാണ് സമൂഹത്തിന്റെ ലക്ഷ്യം”.


മറ്റു പ്രസിദ്ധങ്ങളായ പല മിഷനറി സമൂഹങ്ങളെയും പോലെയായിരുന്നില്ല ഈ സമൂഹത്തിന്റെ ആരംഭം. സഭയിലെ ചിന്തകന്മാരും ഉന്നതന്മാരുമായ മെത്രാപ്പോലീത്തന്മാരുടെയും നേതാക്കന്മാരുടെയും ആലോചനയോടും അറിവോടും സമ്മതത്തോടും കൂടിയായിരുന്നില്ല ഈ സമൂഹമുടലെടുത്തത്. കക്ഷിമാത്സര്യത്തിന്റെ രൂക്ഷത അലയടിച്ചിരുന്ന കാലഘട്ടം, സമൂഹമാരംഭിക്കുന്നതുസംബന്ധിയായി കൂടിയാലോചനയ്ക്കും മറ്റും അത്ര പറ്റിയതുമായിരുന്നില്ല. മുൻകൂട്ടി ഈ സമൂഹത്തിന് നിയമാവലികളും അനുസരണച്ചട്ടങ്ങളും ഉണ്ടാക്കിയിരുന്നില്ല. തന്റെ കൂടെ ആരെല്ലാം ഈ വേലക്കിറങ്ങിത്തിരിക്കുമെന്ന് കണക്കൂട്ടിയോ കൃത്യമായ പദ്ധതി രേഖകളോടെയൊ ആയിരുന്നില്ല ഒരു വിപ്ലവകാരിയുടെ ഈ പുറപ്പാട്. എന്നാൽ ഈ എടുത്തുചാട്ടത്തിനു പുറകിൽ ആഴമായ ബോധവും ഉത്തമവിശ്വാസവും ഉണ്ടായിരുന്നു. ദൈവത്താൽ താൻ ഇതിനായി തികച്ചും വിളിക്കപ്പെട്ടിരിക്കുന്നു എന്ന ഉറച്ച ബോധ്യം അദ്ദേഹത്തെ പുറകോട്ടു മാറുവാനോ പിൻതിരിയുവാനോവാനോ നിവൃത്തിയില്ലാത്തവണ്ണം നിർബന്ധിച്ചു.

തിരുമേനിയുടെ പ്രഥമ ജീവചരിത്രഗ്രന്ഥമായ മാർ പത്രോസ് ഒസ്താത്തിയോസ് എന്ന ഗ്രന്ഥത്തിൽ ഗ്രന്ഥകർത്താവായ പി.പി വർക്കി ഇങ്ങനെ രേഖപ്പെടുത്തുന്നു; “എന്നാൽ അത്ഭുതാവഹമായ ഒരാദ്ധ്യാത്മിക ചൈതന്യമാണ് മൂക്കഞ്ചേരിൽ പത്രോസ് ശെമ്മാശനിൽകൂടി സഭാമണ്ഡലത്തിൽ പ്രസരിച്ചത്. ബ്രാഹ്മണസമമായ ആഭിജാത്യബോധമുള്ള സുറിയാനി ക്രിസ്ത്യാനികൾ പുലയരും പറയരുമൊരുമിച്ചു നിന്ന് ദൈവാരാധന നടത്തുന്നത് അചിന്ത്യമായിരുന്നു. കക്ഷിത്വം സംബന്ധിച്ച പ്രശ്നങ്ങളും അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടി വന്നു. കാൽനടയായി അലഞ്ഞുതിരിഞ്ഞ് മനുഷ്യരുടെ അധിക്ഷേപത്തെയും എതിർപ്പിനെയും സവിനയം സവിശ്വാസം നേരിട്ട് പട്ടിണി കിടന്നും കഷ്ടത സഹിച്ചും പുലമാടങ്ങൾ തോറും കയറിയിറങ്ങി ക്രിസ്തുവിന്റെ സുവിശേഷം അറിയിക്കുവാൻ അന്യരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.”

മലങ്കര സഭാ ചരിത്രത്തിൽ ഇദംപ്രഥമമാണ് മിഷണറി പ്രവർത്തനങ്ങൾക്കായിട്ടൊരു പ്രസ്ഥാനം സ്ഥാപിക്കുന്നത്. ഇതിനു മുൻപ് ഭാരതത്തിൽ സ്ഥാപിതമായ മിഷണറി പ്രസ്ഥാനങ്ങൾക്കെല്ലാം വൈദേശീകമായ ഒരാധിപത്യവും സ്വാധീനവും കാണുവാൻ കഴിയുന്നുണ്ട്. മൂക്കഞ്ചേരിൽ എം.പി. പീറ്ററിന്റെ ചിന്താമണ്ഡലത്തിൽ നാമ്പിട്ട ഒരാശയം സാക്ഷാൽക്കരിക്കപ്പെടുകയായിരുന്നു. അഭ്യസ്തവിദ്യനും, ആദർശധീരനും, അടിച്ചമർത്തപ്പെട്ടവരോടും ആലംബഹീനരോടും ഹൃദയത്തിൽ ദീനാനു കമ്പ പേറി നടന്ന പീറ്റർ എന്ന ചെറുപ്പക്കാരൻ എല്ലാം മനുഷ്യകുലത്തിനു വേണ്ടി ത്യജിച്ച ക്രൂശിലെ ത്യാഗത്തിനു മുൻപിൽ തന്റെ ജീവിതം സമർപ്പിച്ചുകഴിഞ്ഞിരുന്നു. അധഃകൃതർക്കു സ്വാഭിമാനവും നീതിയും മാന്യമായ ജീവിതവും ക്രിസ്തുവിലൂടെ മാത്രമേ ലഭ്യമാകു, എന്നുറച്ചു വിശ്വസിച്ച് എം. പി. പീറ്റർ 19–ാം വയസ്സു മുതൽ തന്നെ താണ ജാതിക്കാരുടെ കുടിലുകൾ സന്ദർശിക്കുകയും, പത്രം വായിച്ചു ലോകപരിചയം നൽകുകയും, ക്രിസ്തുവിനെ പരിചയപ്പെടുത്തുകയും, അവരോടൊപ്പം പ്രാർത്ഥിക്കുകയും ഇരിക്കുകയും ചെയ്യുന്ന കർമ്മത്തിൽ വ്യാപൃതനായിരുന്നു.



1914–ലെ എം.പി. പീറ്ററുടെ ഡയറിക്കുറിപ്പിൽ പുലയരുടെ മീറ്റിംഗിൽ പങ്കെടുക്കുന്നതും രാത്രി പുലപള്ളിക്കൂടങ്ങളും പുലയകുടുംബങ്ങളും സന്ദർശിക്കുന്നതിനെക്കുറിച്ചും സവിസ്തരം രേഖപ്പെടുത്തയിട്ടുണ്ട്. എം.പി.പീറ്റർ ശെമ്മാ





ഡീക്കൻ എം. പി. പീറ്റർ

ശന്റെ പ്രവർത്തനങ്ങൾ മൂലം ശതാബ്ദങ്ങളായി ദീർഘനിദ്രയിലായിരുന്ന സമുദായത്തിനുള്ളിൽ വിപ്ലവാഗ്നി പടർത്തുവാൻ സാധ്യമായി. നൂറ്റാണ്ടുകളായി അടിമത്വത്തിലും, സവർണ്ണരുടെ ചൂഷണത്തിനും വിധേയരായി അപമാനിതരായി കഴിഞ്ഞ അധഃകൃതർക്കു പ്രത്യാശയുടെ പ്രകാശം ശെമ്മാശനിലൂടെ ലഭ്യമായി. സഹജീവികളുടെ ഹൃദയം നുറുക്കുന്ന കരച്ചിലിനെ അവഗണിച്ചു സർക്കാരിൽ ഉന്നതജോലികൾ ചെയ്തു സമൂഹത്തിൽ മാന്യമായ സ്ഥാനം വഹിച്ചു ജീവിക്കുവാൻ കഴിഞ്ഞില്ല. എം.പി. പീറ്റർ തന്റെ കുലീനത്വവും പാണ്ഡിത്യവും മറ്റു കഴിവുകളും മൃഗതുല്യമായി സമൂഹത്തിൽ കഴിയേണ്ടി വരുന്ന സഹജീവികളുടെ കണ്ണീർ തുടയ്ക്കുവാനായി മാറ്റിവച്ചു. അതിനുവേണ്ടി കാടും മലയും, കല്ലും മുള്ളും താണ്ടി അദ്ദേഹം സഞ്ചരിച്ചു.

അധഃകൃതരിൽ പ്രത്യാശയുടെ നാമ്പുകൾ ഉയർന്നു. ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ അവധിക്കാലങ്ങളിൽ തൃപ്പൂണിത്തുറയുള്ള താണവർഗ്ഗക്കാരുടെ കുടിലുകൾ സന്ദർശിക്കുക പതിവായിരുന്നു. ഭവനത്തിനു സമീപമായിരുന്നതിനാൽ മൂക്കഞ്ചേരിൽ കൊച്ചുതമ്പ്രാൻ എന്ന് വിലിക്കപ്പെട്ടിരുന്ന ശെമ്മാശനോട് ഇവർക്കു വലിയ ആദരവായിരുന്നു. അധഃകൃതരുടെ കുടിലുകൾ യുവാവായ ശെമ്മാശൻ സന്ദർശിച്ച് ജീവിതചര്യയിൽ വരുത്തേണ്ട മാറ്റങ്ങൾ പറഞ്ഞുകൊടുത്തു. ശരീരവും ഭവനവും ചുറ്റുപാടും ശുചിത്വത്തിൽ പാലിക്കേണ്ടതിന്റെ ആവശ്യകത, മദ്യപാനത്തിന്റെ വിപത്ത്, കുട്ടികൾക്കെല്ലാം വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകത മുതലായ കാര്യങ്ങൾ അവരോട് സംസാരിച്ചിരുന്നു. ഈ മേഖലയിൽ താണവർഗ്ഗക്കാരുടെ ജീവിതത്തിനു മാറ്റം ഉണ്ടായാൽ അവർക്കു നഷ്ടപ്പെട്ട ജീവിതം വീണ്ടെടുക്കാം എന്ന് എം.പി പത്രോസ് ശെമ്മാശന് ഉറപ്പുണ്ടായിരുന്നു. എം.പി പത്രോസ് ശെമ്മാശൻ പിന്നീട് മലങ്കര സഭയുടെ മെത്രാപ്പോലീത്താ എന്ന അത്യുന്നതപദവിയിലേക്ക് ഉയർന്നപോഴും തന്റെ ആദർശവും തന്റെ ദൗത്യവും അണുവിടവ്യതിചലിക്കാതെയാണ് അദ്ദേഹം തന്റെ ജീവിതം മുന്നോട്ട് കൊണ്ടുപോയത്.

തൃപ്പൂണിത്തുറയിലെ മൂക്കഞ്ചേരി തറവാട്ടിൽ 1886 ജൂൺ 20-നാണ് കൊച്ചുപിള്ള എന്ന എം. പി. പീറ്റർ ജനിക്കുന്നത്. മെട്രിക്കുലേഷൻ പരീക്ഷയിൽ റാങ്കോടുകൂടി ജയിച്ചു. എറണാകുളം മഹാരാജാസ് കോളജ്, തൃശ്ശിനാപ്പിള്ളി സെന്റ് ജോസഫ് കോളജ് എന്നിവിടങ്ങളിൽ പഠിച്ച് ബി.എ. ബിരുദം നേടി. തിരുവനന്തപുരം ട്രെയിനിംഗ് കോളജിൽനിന്ന് എൽ.റ്റി.യും, സെറാമ്പൂർ കോളജിൽനിന്ന് ബി.ഡി. യും കരസ്ഥമാക്കി. 1906-ൽ മദ്ബഹായിൽ ശുശ്രൂഷകനായി പ്രവേശിച്ചു. യൂയാക്കിം മാർ ഈവാനിയോസിൽ നിന്ന് പ. വട്ടശ്ശേരിൽ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ 1916 ജൂൺ 4-ന് ശെമ്മാശപട്ടവും, 1926 മേടം 22-ന് സ്ലീബാ മാർ ഒസ്താത്തിയോസിൽ നിന്ന് കശ്ശീശാപട്ടവും, 1943-ൽ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായിൽ നിന്ന് റമ്പാൻ സ്ഥാനവും, 1953 മെയ് 15 ന് കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് എപ്പിസകോപ്പാസ്ഥാനവും 1959 ജൂലൈ 12 -ന് മെത്രാപ്പോലീത്തായായും സ്ഥാനാരോഹണം ചെയ്തു. തുടർന്ന് മലബാർ ഭദ്രാസനാധിപനായി. മലങ്കരസഭയുടെ മിഷനറി ബിഷപ്പായി സേവനം സേവനം തുടർന്നു. ഒന്നിലധികം പ്രാവശ്യം ഭാരതപര്യടനം നടത്തുകയും വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത് പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. അവർണ്ണജാതിക്കാരുടെ ഉന്നമനത്തിനായി കൊച്ചി സർക്കാർ നിയമിച്ച സ്പെഷ്യൽ ഓഫീസറായിരുന്നു. അവർണ്ണരിൽനിന്ന് 25000-ത്തിലധികം പേരെ വിശ്വാസം പഠിപ്പിച്ച് ഓർത്തഡോക്സ് സഭയിലേക്കു ചേർത്തു. ആരാധന മാതൃഭാഷയിലാക്കണമെന്ന ലക്ഷ്യത്തോടെ കുർബ്ബാന തക്സാ, കഷ്ടാനുഭവ ആഴ്ചയിലെ പ്രൊമിയോൻ, കൂദാശാക്രമങ്ങൾ എന്നിവ പരിഭാഷപ്പെടുത്തിക്കിട്ടുവാൻ മുൻകൈ എടുക്കുകയും, പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. 1907 ൽ Young Men's Syrian Association of Jacobite Students 1909 ൽ സിറിയൻ ബ്രദർഹുഡ്, പുലയർക്കായി ആദ്യമായി സ്കൂൾ, 1919 മെമ്മോറിയൽ എന്നീ പ്രസ്ഥാനങ്ങൾ സ്ഥാപിച്ചു. 1968 ഫെബ്രുവരി 2-ാം തീയതി മായൽത്തോ പെരുന്നാൾ ദിവസം 82-ാം വയസ്സിൽ കാലം ചെയ്തു. ഫെബ്രുവരി 3 ന് മുളന്തുരുത്തി കർമ്മേൽ ദയറായിൽ കബറടക്കി.

പുലപ്പള്ളികൾ എന്ന ശീർഷകത്തിൽ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത 1920-ൽ വിപ്ലവകരമായ ഈ ലേഖനം എഴുതി പ്രസിദ്ധീകരിച്ചത് അദ്ദേഹത്തിന്റെ ദർശനത്തെ വ്യക്തമാക്കുന്നതായിരുന്നു. പ. പരുമല തിരുമേനി സ്ഥാപിച്ച വിജാതീയ മിഷൻ ചെയ്തതുപോലെ പ്രത്യേക പള്ളികൾ സ്ഥാപിക്കുന്നത് ഗുണം ചെയ്യില്ല എന്ന പക്ഷക്കാരനായിരുന്നു പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത. പുതുക്രിസ്ത്യാനികളെ മുഖ്യധാരാ പള്ളികളിൽത്തന്നെ ഉൾക്കൊള്ളണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അവശേഷിക്കുന്ന *നമ്മുടെ സകല പുലപ്പള്ളികൾക്കും തീവെയ്ക്കണമെന്നാണു* തന്റെ അഭിപ്രായമെന്നു അദ്ദേഹം തുറന്നടിച്ചു. ഈ വിവേചനത്തോടുള്ള തന്റെ പ്രതിഷേധപാരമ്യംകൊണ്ടാണ് തന്റെ ലേഖനത്തിന് അദ്ദേഹം *പുലപ്പള്ളികൾ* എന്നുതന്നെ നാമകരണം ചെയ്തത്. "ഞാൻ ഇവിടെ അഭിപ്രായപ്പെടുന്നതു നമ്മുടെ സകല പുലപ്പള്ളികൾക്കും തീവെയ്ക്കണമെന്നാണ്. തീവയ്ക്കുവാൻ പന്തം കയ്യിലെടുക്കുവാൻ തിരുമേനികൾക്കു ഭയമാണെങ്കിൽ മിശിഹായുടെ

സ്നേഹം തങ്ങളുടെ ഹൃദയങ്ങളിൽ ജ്വലിക്കുന്ന യുവാക്കന്മാർ നമ്മുടെ സഭയിൽ ഉണ്ടെങ്കിൽ പന്തം അവരെടുക്കണം."ദരിദ്രന്മാർക്കു സുവിശേഷം പ്രസംഗിക്കപ്പെടണം". സകല പള്ളികളിലും താണജാതിക്കാർ തിങ്ങിക്കയറി രക്ഷ കണ്ടെത്തണം. പുലയരെ പള്ളിയിൽ കണ്ടാൽ ഓക്കാനം വരുന്ന പട്ടക്കാരും അയ്മേനികളും ക്രിസ്തുമതം വിട്ടു മുഹമ്മദു മതത്തിലൊ മറ്റൊ ചേർന്നു കൊള്ളണം", ഈ വിധം മൂർച്ചയേറിയ വാക്കുകൾകൊണ്ടായിരുന്നു അദ്ദേഹം അന്നത്തെ സമൂഹത്തെ സ്വാധീനിച്ചത്.

പുതുക്രിസ്ത്യാനികൾ എന്ന് പൊതുവെ വിളിക്കപ്പെട്ടിരുന്നവരെ അപ്രകാരം ഒരു സമൂഹമായി നിലനിർത്തുന്നതിനുവേണ്ടിയായിരുന്നില്ല ഈ പ്രസ്ഥനം സ്ഥാപിച്ചത്. അവരും മറ്റുള്ളവരോടുകൂടി സമനിലവാരത്തിൽ പള്ളികളിലും മറ്റെല്ലാ പ്രസ്ഥാനങ്ങളിലും പ്രവർത്തിക്കുന്നതിന് വേണ്ടിയായിരുന്നു. സ്ലീബാദാസന്മാരായി പ്രവർത്തിച്ചവർ എല്ലാം താഴ്ന്നജാതിയിൽ പെട്ടവർ ആയിരുന്നില്ല, അല്ലെങ്കിൽ അപ്രകാരമുള്ളവരെ അല്ല സ്ലീബാദാസന്മാർ എന്ന് വിളിച്ചിരുന്നത്. അധഃകൃതരെ സമൂഹത്തിൽ മുൻനിരയിലെത്തിക്കുക എന്ന ദൗത്യത്തിൽ സഹകാരികളായ അതിന് നേതൃത്വം വഹിച്ച എല്ലാവരും സ്ലീബാദാസന്മാരായിരുന്നു. അതിൽ ജാതിയോ വർഗ്ഗമോ വർണ്ണമോ ബാധകമായിരുന്നില്ല.

ഏതാണ്ട് എൺപതു വയസ്സുവരെ തിരുമേനി സുശക്തം സ്ലീബാ ദാസസമൂഹത്തെ നയിച്ചു. തുടർന്ന് ശാരീരികാസ്വസ്തകൾ അദ്ദേഹത്തെ ബാധിച്ചു. തന്റെ കാലശേഷം സമൂഹപ്രവർത്തനങ്ങളിൽ സംഭവിക്കാതിരിക്കാൻ, ആരോഗ്യം കുറഞ്ഞു തുടങ്ങിയപ്പോൾ വേണ്ട നടപടികൾ അദ്ദേഹം സ്വീകരിച്ചിരുന്നു. പ്രവർത്തകർക്ക് നായകനില്ലാത്ത ചാഞ്ചല്യമോ, അനാഥരാണെന്ന ബോധമോ ഉണ്ടാകാതിരിക്കാൻ അദ്ദേഹം അവസാന വർഷങ്ങളിൽ കരുതൽ നടപടികൾ സ്വീകരിച്ചു. തന്റെ ശിഷ്യനും സെക്രട്ടറിയായി ഇരുപത് വർഷം സേവനമനുഷ്ഠിച്ച വെരി. റവ. റ്റി. വി ഫീലിപ്പോസ് കോറെപ്പിസ്കോപ്പായെ തന്റെ പിൻഗാമിയായി സമൂഹത്തെ നയിക്കാൻ തിരുമേനി നിയോഗിച്ചു. തിരുമേനിയുടെ മൂന്നു പ്രാവശ്യത്തെ അഖിലേന്ത്യാ മിഷൻ പര്യടനങ്ങളിലും മലബാർ മിഷൻ യാത്രയിലും ഇരുവരും ഒന്നിച്ചായിരുന്നു. രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങിയപ്പോൾ 1955-ൽ തിരുമേനി സമൂഹപ്രവർത്തനത്തിന്റെ ചുമതല സെക്രട്ടറി അച്ചനെ ഏൽപ്പിക്കുന്ന ഒരു വിൽപ്പത്രം രജിസ്റ്റർ ചെയ്തു. 1968 മുതൽ റവ. റ്റി. വി ഫീലിപ്പോസ് കോറെപ്പിസ്കോപ്പായും അദ്ദേഹത്തിന്റെ കാലശേഷം 1991 മുതൽ വെരി. റവ ശെമവൂൻ റമ്പാനും സ്ലീബാദാസ സമൂഹം ജനറൽ സെക്രട്ടറിയായി ദീർഘനാൾ പ്രവർത്തിച്ചു. റമ്പാച്ചന് ശേഷം 2020 മുതൽ ഫാ. ഡോ. സോമു കെ. ശമുവേൽ സമൂഹത്തിന്റെ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചുവരുന്നു. കൊച്ചി, കുന്നംകുളം, അങ്കമാലി, കണ്ടനാട്, കോട്ടയം, നിരണം, മാവേലിക്കര, കൊട്ടാരക്കര-പുനലൂർ, തുമ്പമൺ, ചെങ്ങന്നൂർ, സുൽത്താൻബത്തേരി എന്നീ ഭദ്രാസനങ്ങളിലായി 5,000 ത്തോളം സ്ലീബാദാസ സമൂഹ കുടുംബങ്ങൾ ഉണ്ട്.



പുതുക്രിസ്ത്യാനികൾ എന്ന് പൊതുവെ വിളിക്കപ്പെട്ടിരുന്നവരെ അപ്രകാരം ഒരു സമൂഹമായി നിലനിർത്തുന്നതിനുവേണ്ടിയായിരുന്നില്ല ഈ പ്രസ്ഥാനം സ്ഥാപിച്ചത്. അവരും മറ്റുള്ളവരോടുകൂടി സമനിലവാരത്തിൽ പള്ളികളിലും മറ്റെല്ലാ പ്രസ്ഥാനങ്ങളിലും പ്രവർത്തിക്കുന്നതിന് വേണ്ടിയായിരുന്നു. സ്ലീബാദാസന്മാരായി പ്രവർത്തിച്ചവർ എല്ലാം താഴ്ന്നജാതിയിൽപെട്ടവർ ആയിരുന്നില്ല, അല്ലെങ്കിൽ അപ്രകാരമുള്ളവരെ അല്ല സ്ലീബാദാസന്മാർ എന്ന് വിളിച്ചിരുന്നത്. അധഃകൃതരെ സമൂഹത്തിൽ മുൻനിരയിലെത്തിക്കുക എന്ന ദൗത്യത്തിൽ സഹകാരികളായ അതിന് നേതൃത്വം വഹിച്ച എല്ലാവരും സ്ലീബാദാസന്മാരായിരുന്നു. അതിൽ ജാതിയോ വർഗ്ഗമോ വർണ്ണമോ ബാധകമായിരുന്നില്ല.



ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ കാലഘട്ടത്തിലാണ് സ്ലീബാദാസസമൂഹ സ്താപകൻ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സ്മാരകമായി ഒരു പ്രസ്ഥാനം സമൂഹം വകയായി ഉയർന്നുവരുന്നത്. സെന്റ് ശിമയോൻ ഹോം എന്ന നാമത്തിൽ പത്രോസ് മാർ ഒസ്താത്തിയോസ് സ്മാരക വൃദ്ധമന്ദിരം 1986 ഫെബ്രുവരി രണ്ടിന് കൂദാശ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. പിന്നീട് അത് രണ്ട് നിലയുള്ള വലിയ മന്ദിരമായി പണി പൂർത്തീകരിച്ചു. ഭവനരഹിതരായ സമൂഹാംഗങ്ങൾക്ക് വീട് നിർമ്മിച്ചുനൽകി സഹായിക്കുന്നതിൽ സമൂഹം ഏറെ കാര്യക്ഷമമായി ശ്രദ്ധിച്ചിട്ടുണ്ട്. കൂടാതെ പത്രോസ് മാർ ഒസ്താത്തിയോസ് പെൻഷൻ പദ്ധതിയും ഭംഗിയായി നടന്നുപോരുന്നു. ശതാബ്ദിയോട് അനുബന്ധിച്ചു പ്രസ്തുത പ്രവർത്തനം തുടർന്നുപോരുന്നു.

ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ (ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ), മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ (മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ), ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ, സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്ത, ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത, ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ തുടങ്ങിയവർ സമൂഹാദ്ധ്യക്ഷന്മാരായി പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ ഡോ. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താണ് സമൂഹാദ്ധ്യക്ഷൻ.

ശതാബ്ദി പിന്നിട്ട സ്ലീബാദാസ സമൂഹം അതിന്റെ പ്രവർത്തനമണ്ഡലത്തിൽ സജീവമായി തന്നെ ഇന്നും മുന്നോട്ട് പോകുന്നു. പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പുതുക്രിസ്ത്രാനികളെ തന്റെ സന്തോഷവും കിരീടവും എന്നാണ് വിശേഷിപ്പിച്ചിരുന്നത്. തീർച്ചയായും അവരുടെ ഉന്നമനത്തിലും നിലനിൽപ്പിലും ആ പിതാവ് ഇന്നും സന്തോഷിക്കുന്നുണ്ട് തീർച്ച. ധാരാളം സാമൂഹ്യസേവന പ്രവർത്തനങ്ങളും ക്ഷേമ പദ്ധതികളുമായി മിഷൻ ദൗത്യം സജീവമായി തന്നെ പൊതുസമൂഹത്തിന് പ്രയോജനപ്രദമായി മാറട്ടെ.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സ്ലീബാദാസ സമൂഹം: നാൾവഴി



1829 – കണ്ടനാട് കർമ്മേൽ കുരിശുപള്ളി കർമ്മേൽ ദയറായായി കരോട്ടു വീട്ടിൽ യൂയാക്കിം മാർ ഈവാനിയോസ് സ്ഥാപിക്കുന്നു. പിന്നീട് പ. വട്ടശ്ശേരിൽ തിരുമേനി അവിടെ കുര്യാക്കോസ് സഹദായുടെ നാമത്തിൽ പള്ളി പണിയിക്കുകയും യൂയാക്കിം മാർ ഈവാനിയോസ് ആദ്യമായി വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു.

1919 – പ. വട്ടശ്ശേരിൽ തിരുമേനി കർമ്മേൽ ദയറാ പുരയിടം വാങ്ങി

1924 സെപ്റ്റംബർ 14 (1100 കന്നി) – സ്ലീബാപ്പെരുന്നാൾ ദിവസം മൂക്കഞ്ചേരിൽ എം.പി.പത്രോസ് ശെമ്മാശൻ അബ്ദേദ്സ്ലീബോ അഥവാ സ്ലീബാദാസ സമൂഹം സ്ഥാപിച്ചു.

1925 ആഗസ്റ്റ് 9 – ആദ്യമായി 15 പുലയർ വി. മാമോദീസാ സ്വീകരിച്ചു സമൂഹത്തിൽ ചേർന്നു.

1926 മേടം 22 – വൈക്കം ചെമ്പിൽ പള്ളിയിൽ വച്ച് എം.പി.പത്രോസ് ശെമ്മാശൻ കശ്ശീശയായി പട്ടമേറ്റു

1928 – 56 പേർ മാമോദീസാ സ്വീകരിച്ചു.

1930 (1105) – പ. ഗീവർഗീസ് ദ്വിതീയൻ ബാവ ചാപ്പൽ പണിത് കൂദാശനടത്തി

1938 ഏപ്രിൽ 07 – അലക്സിയോസ് മാർ തേവോദോസ്യോസ് എപ്പിസ്കോപ്പാ കർമ്മേൽ ദയറായിൽ വച്ച് വാഴിക്കപ്പെട്ടു.

1943– ഫാ. എം. പി. പത്രോസ് റമ്പാൻ സ്ഥാനമേറ്റു

1943 ജൂലൈ 2 – എം. പി. പത്രോസ് റമ്പാൻ ദയറായിൽ താമസം ആരംഭിച്ചു.

1951 ജൂൺ 28 – രണ്ടാമത്തെ ഇന്ത്യൻ മിഷനറിയാത്ര

1953 മെയ് 15 – കോട്ടയം മാർ ഏലിയ കത്തീഡ്രലിൽ വച്ച് പത്രോസ് മാർ ഒസ്താത്തിയോസ് എന്ന പേരിൽ എം. പി. പത്രോസ് റമ്പാൻ എപ്പസ്കോപ്പായായി സ്ഥാനാരോഹണം ചെയ്തു.

1959 ജൂലൈ 12 – മെത്രാപ്പോലീത്തായി സ്ഥാനാരോഹണം ചെയ്തു.

1958 സെപ്റ്റംബർ 14 – മൂവാറ്റുപുഴ വാർഷിക സമ്മേളനം

1959 സെപ്റ്റംബർ 14 – 35–മത് വാർഷിക സമ്മേളനം കോലഞ്ചേരിയൽ വച്ച് നടന്നു



1965 സെപ്റ്റംബർ 14 – 41–മത് വാർഷിക സമ്മേളനം വടകരയിൽ വച്ച് നടന്നു

1968 ഫെബ്രുവരി 2 – പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത കാലം ചെയ്തു

ഡീക്കൻ എം. പി. പീറ്റർ

1968 – പ. എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനപ്രകാരം റവ. റ്റി. വി ഫീലിപ്പോസ് കോറെപ്പിസ്കോപ്പാ സ്ലീബാദാസ സമൂഹത്തിന്റെ ജനറൽ സെക്രട്ടറിയായി ചുമതലയേറ്റു.

1974–75 – സുവർണ്ണജൂബിലി വർഷം, വിപുലമായി ആഘോഷിച്ചു

1991 – വെരി.റവ ശെമവൂൻ റമ്പാൻ ജനറൽ സെക്രട്ടറിയായി ചുമതലയേറ്റു.

1993 – സഖറിയാ മാർ അന്തോണിയോസ് തിരുമേനി ചാപ്പൽ നവീകരിച്ചു.

1999–2000 – പ്ലാറ്റിനം ജൂബിലി വർഷം

2009 ജൂലൈ 09 – പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ കബറിടം പുതുക്കി പണിതു.

2019 – 95–മത് വാർഷിക സമ്മേളനം പരുമല സെമിനാരിയിൽ വച്ച് നടന്നു

2018 ഫെബ്രുവരി 02 – പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ 50–മത് ഓർമ്മപെരുന്നാൾ വിപുലമായി ആഘോഷിച്ചു.

2018 ജൂലൈ 14 – കർമ്മേൽ ദയറാപ്പള്ളി ഇന്നു കാണുന്ന രീതിയിൽ നവീകരിച്ചു.

2019 ഫെബ്രുവരി 26 – പരി. പരുമല തിരുമേനിയുടെ തിരുശേഷിപ്പ് പള്ളിയിൽ സ്ഥാപിച്ചു.

2019 ഓഗസ്റ്റ് 30 – ദയറായുടെ പടിഞ്ഞാറ് വശത്ത് കൽക്കുരിശ് സ്ഥാപിച്ചു, ഡോ.യാക്കൂബ് മാർ ഐറേനിയോസ് തിരുമേനി കൂദാശ ചെയ്തു.

2020 – ഫാ.ഡോ. സോമു കെ. സാമുവൽ ജനറൽ സെക്രട്ടറിയായി ചുമതലയേറ്റു.

2024–2025 – ശതാബ്ദി വർഷം.

സമ്പാദകൻ: സഖറിയാ പെരുമ്പടവം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

നയമാന്റെ ഭാര്യ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)





മഹാന്മാരായ രാജാക്കന്മാരെയും പ്രവാചകന്മാരെയും യോദ്ധാക്കളെയും കുറിച്ചുള്ള നിരവധി പ്രതിപാദനങ്ങൾ ബൈബിൾ നമ്മോട് പറയുന്നതോടൊപ്പം ചെറുതും അറിയപ്പെടാത്തതുമായി തോന്നുന്ന ആളുകളെയും പരിചയപ്പെടുത്തുന്നു. പക്ഷേ അവർ നമ്മെ വളരെ പ്രധാനപ്പെട്ട പാഠങ്ങൾ പഠിപ്പിക്കുന്നു. അത്തരമൊരു വ്യക്തിയാണ് നയമാന്റെ ഭാര്യ, 2 രാജാക്കന്മാർ 5-ാം അധ്യായത്തിൽ അരാം രാജാവിന്റെ സേനാപതിയായ നയമാനെക്കുറിച്ചുള്ള പരാമർശത്തിൽ അവൾ പ്രത്യക്ഷപ്പെടുന്നു. ബൈബിളിൽ അവളുടെ പേര് നൽകുന്നില്ലെങ്കിലും, നയമാന്റെ ജീവിതത്തിൽ അവളുടെ പങ്ക് വളരെ പ്രധാനമാണ്. അവൾ തന്റെ ദാസിയുടെ വാക്കുകൾ ശ്രദ്ധിക്കുകയും ഭർത്താവിന് പ്രത്യാശയുടെ സന്ദേശം കൈമാറുകയും ചെയ്തു. അവളുടെ വിശ്വാസം, വിനയം, ജ്ഞാനം എന്നിവയിലൂടെ, ഭർത്താവിന് രോഗശാന്തിയും കുടുംബത്തിന് ആത്മീയ ഉണർവും കൊണ്ടുവന്ന ഒരു അദ്ഭുതത്തിന്റെ ഭാഗമായി അവൾ മാറി.

അരാം രാജാവിന്റെ സൈന്യത്തിലെ പ്രധാനിയായിരുന്നു നയമാൻ. അദ്ദേഹം നിരവധി വിജയങ്ങൾ നേടിയിരുന്നു, സിറിയയിലെ രാജാവ് പോലും അദ്ദേഹത്തെ വളരെയധികം വിലമതിച്ചു. എന്നിരുന്നാലും, തന്റെ ശക്തിയും വിജയവും ഉണ്ടായിരുന്നിട്ടും, നയമാന് ഭയങ്കരമായ കുഷ്ഠരോഗം പിടിപെട്ടു. ഏറെ വേദനയും ലജ്ജയും ഒറ്റപ്പെടലും അനുഭവിക്കേണ്ട അവസ്ഥയാണത്. ആ കാലങ്ങളിൽ എളുപ്പത്തിൽ സുഖപ്പെടുത്താൻ കഴിയാത്ത ഒരു രോഗമായിരുന്നു കുഷ്ഠരോഗം. "അരാമ്യർ കവർച്ചപ്പടയായി വന്നിരുന്നപ്പോൾ യിസ്രായേൽ ദേശത്തുനിന്നു ഒരു ചെറിയ പെൺകുട്ടിയെ പിടിച്ചുകൊണ്ടു പോയിരുന്നു. അവൾ നയമാന്റെ ഭാര്യയ്ക്കു ശുശ്രൂഷ ചെയ്തു വന്നു" (2 രാജാക്കന്മാർ 5:2).

അവൾ നയമാന്റെ ഭാര്യയുടെ ദാസിയായി. അവൾ ഒരു അന്യദേശത്ത് അടിമയായിരുന്നെങ്കിലും, ഇസ്രായേലിന്റെ ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസത്തിൽ ജീവിച്ചുവന്നു. തന്റെ യജമാനൻ കഷ്ടപ്പെടുന്നത് കണ്ടപ്പോൾ, അവനെ സുഖപ്പെടുത്താൻ കഴിയുന്ന ഒരു പ്രവാചകൻ ഇസ്രായേലിൽ ഉണ്ടെന്ന് അവൾ തന്റെ യജമാനത്തിയോട് പറഞ്ഞു. ആ പ്രവാചകൻ എലീശാ ആയിരുന്നു.

നയമാന്റെ ഭാര്യ അടിമ പെൺകുട്ടിയുടെ വാക്കുകൾ അവഗണിച്ചില്ല. അവൾ പെൺകുട്ടിയെ ശ്രദ്ധാപൂർവ്വം കേൾക്കുകയും പെൺകുട്ടി പറഞ്ഞത് വിശ്വസിക്കുകയും ചെയ്തു. തുടർന്ന് അവൾ തന്റെ ഭർത്താവുമായി ഈ കാര്യം പങ്കുവെച്ചു. അടിമ പെൺകുട്ടിയുടെ സന്ദേശം ശ്രദ്ധിക്കുകയും കൈമാറുകയും ചെയ്ത ഈ ലളിതമായ പ്രവൃത്തി നയമാന്റെ രോഗശാന്തിയുടെ ആരംഭമായി മാറി. നയമാൻ എലീശയുടെ അടുക്കൽ പോയി, യോർദാൻ നദിയിൽ കുളിക്കാനുള്ള അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ പാലിച്ച്, പൂർണ്ണമായും സുഖം പ്രാപിച്ചു. അതിനേക്കാൾ പ്രധാനമായി, നയമാൻ ഇസ്രായേലിന്റെ ദൈവത്തിൽ വിശ്വസിച്ചു. ഇതെല്ലാം ആരംഭിച്ചത് ഒരു കൊച്ചു പെൺകുട്ടിയുടെ വിശ്വാസത്തിലും നയമാന്റെ ഭാര്യയുടെ ശ്രദ്ധാപൂർവ്വമായ കേൾവിയിലും ആയിരുന്നു.

ബൈബിളിൽ നയമാന്റെ ഭാര്യയെക്കുറിച്ച് വളരെ കുറച്ച് മാത്രമേ പറയുന്നുള്ളൂവെങ്കിലും, അവളുടെ പ്രവൃത്തികളിലൂടെ നമുക്ക് അവളുടെ സ്വഭാവ സവിശേഷത കാണാൻ കഴിയും.

1. വിനയം

നയമാന്റെ ഭാര്യ താഴ്മ കാണിച്ചു. അവൾ ഒരു വലിയ സൈന്യാധിപന്റെ ഭാര്യയായിരുന്നു, പക്ഷേ ഒരു ദാസി പെൺകുട്ടിയുടെ വാക്കുകൾ കേൾക്കാൻ അവൾ തയ്യാറാകുന്നു. അവളുടെ സ്ഥാനത്തുണ്ടായിരുന്ന പലരും വളരെ താഴ്ന്ന പദവിയിലുള്ള ഒരാളുടെ ശബ്ദം അവഗണിച്ചിരിക്കാം. പക്ഷേ അവൾ സ്വയം താഴ്ത്തി പെൺകുട്ടിയുടെ സന്ദേശത്തെ ബഹുമാനിച്ചു. അവളുടെ വിനയം അവളുടെ കുടുംബത്തിൽ ദൈവത്തിന്റെ അനുഗ്രഹത്തിനുള്ള വാതിൽ തുറന്നു.

വിനയം ദൈവത്തിന്റെ അനുഗ്രഹങ്ങൾ സ്വീകരിക്കാൻ നമ്മെ അനുവദിക്കുന്നുവെന്ന് നയമാന്റെ ഭാര്യ നമ്മെ പഠിപ്പിക്കുന്നു. മറ്റുള്ളവരിൽ നിന്ന് പഠിക്കാൻ കഴിയാത്തത്ര ഉയർന്നതായി തന്നെത്തന്നെ അവൾ കരുതിയില്ലാത്തതിനാൽ അവൾ ഒരു വേലക്കാരിയുടെ വാക്കുകൾ ശ്രദ്ധിച്ചു. ദൈവത്തിന്റെ സന്ദേശം, അത് അപ്രതീക്ഷിതമായ സ്രോതസ്സുകളിൽ നിന്നാണെങ്കിൽ പോലും, നാമും എളിമയുള്ളവരും കേൾക്കാൻ തുറന്ന മനസ്സുള്ളവരുമായിരിക്കണം. ദൈവത്തിന് തന്റെ സന്ദേശം എത്തിക്കാൻ ആരെയും ഉപയോഗിക്കാനാകുമെന്നും ഇവരുടെ ജീവിതം കാണിക്കുന്നു. ഒരു അടിമയായ പെൺകുട്ടിയെയും, മറ്റൊരു ദേശക്കാരിയായ ഭാര്യയെയും, ശക്തനായ ഒരു സേനാധിപതിയെയും തന്റെ ശക്തി വെളിപ്പെടുത്താൻ ദൈവം ഉപയോഗിച്ചു. ദൈവത്തിന്റെ പദ്ധതിയിൽ ആരും ചെറുതല്ലെന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു. ദൈവശബ്ദം കേൾക്കാനും പ്രവർത്തിക്കാനും നാം തയ്യാറായിരിക്കണം.

2. വിശ്വാസം

നയമാന്റെ ഭാര്യ ദൈവത്തിന്റെ ശക്തിയിൽ വിശ്വാസം പ്രകടിപ്പിച്ചു. പ്രവാചകനായ എലീശായിലൂടെ തന്റെ ഭർത്താവിനെ സുഖപ്പെടുത്താൻ കഴിയുമെന്ന് അവൾ വിശ്വസിച്ചു. അവൾ ഇസ്രായേലിൽ നിന്നുള്ളവളല്ലെങ്കിലും, വേലക്കാരി പെൺകുട്ടി നൽകിയ സന്ദേശത്തിൽ അവൾ വിശ്വസിച്ചു. വിശ്വാസത്തിന് നിരാശാജനകമായ സാഹചര്യങ്ങളെ മാറ്റാൻ കഴിയുമെന്ന് അവർ നമ്മെ ഓർമ്മിപ്പിക്കുന്നു. കുഷ്ഠരോഗം ഭേദമാക്കാനാവാത്തതായി കാണപ്പെട്ടിരുന്നു, പക്ഷേ അവർ ദൈവത്തിന്റെ ശക്തിയിൽ വിശ്വസിച്ചു. നയമാൻ കഷ്ടപ്പെടുമ്പോൾ അവളുടെ വിശ്വാസം അവന് പ്രത്യാശ നൽകി. നമ്മുടെ ജീവിതത്തിൽ,

അസാധ്യമെന്ന് തോന്നുന്ന പ്രശ്നങ്ങൾ നമുക്ക് നേരിടേണ്ടി വന്നേക്കാം, പക്ഷേ ദൈവത്തിലുള്ള വിശ്വാസം നമുക്ക് പ്രത്യാശ നൽകുന്നു.

3. സ്നേഹവും അനുകമ്പയും

അവൾ തന്റെ ഭർത്താവിനോട് ആഴമായ കരുതൽ കാണിച്ചു. അവന്റെ രോഗത്തെക്കുറിച്ച് മൗനം പാലിക്കുന്നതിനുപകരം, അവൾ സഹായം തേടി. അവൾ നയമാനെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നുവെന്നും അവന് ഏറ്റവും നല്ലത് ആഗ്രഹിച്ചുവെന്നും അവളുടെ പ്രവൃത്തികൾ കാണിക്കുന്നു. ദുഷ്കരമായ ഒരു സാഹചര്യത്തിലും അവൾ പ്രതീക്ഷ കൈവിട്ടില്ല. നയമാന്റെ ഭാര്യ ഭർത്താവിന്റെ കഷ്ടപ്പാടുകളിൽ ആഴമായ ശ്രദ്ധ ചെലുത്തി. അവന്റെ വേദന അവഗണിക്കുന്നതിനുപകരം, ഒരു രോഗശാന്തി കണ്ടെത്താൻ അവനെ സഹായിക്കാൻ അവൾ തയ്യാറായിരുന്നു. അവളുടെ കരുണ നമ്മുടെ കുടുംബാംഗങ്ങളോട് സ്നേഹവും കരുതലും കാണിക്കാൻ നമ്മെ പഠിപ്പിക്കുന്നു. ആവശ്യകതയുള്ള സമയങ്ങളിൽ നമ്മുടെ പ്രിയപ്പെട്ടവരെ പിന്തുണയ്ക്കാൻ അവളുടെ മാതൃക നമ്മെ പ്രോത്സാഹിപ്പിക്കുന്നു. നയമാൻ നിരുത്സാഹപ്പെട്ടപ്പോൾ അവൾ പ്രത്യാശ നൽകി. അതുപോലെ, കഷ്ടപ്പെടുന്നവരോട് നാം പ്രോത്സാഹന വാക്കുകൾ പറയണം.

4. ധൈര്യം

2 രാജാക്കന്മാർ 5:3-ൽ "അവൾ തന്റെ യജമാനത്തിയോടു: യജമാനൻ ശമര്യയിലെ പ്രവാചകന്റെ അടുക്കൽ ഒന്നു ചെന്നെങ്കിൽ അവൻ അവന്റെ കുഷ്ഠരോഗം മാറ്റിക്കൊടുക്കുമായിരുന്നു എന്നു പറഞ്ഞു." അത്തരമൊരു സന്ദേശം തന്റെ ഭർത്താവിന് എത്തിക്കാൻ നയമാന്റെ ഭാര്യക്ക് ധൈര്യം ആവശ്യമായിരുന്നു. ഒരു വേലക്കാരിയുടെ വാക്കുകൾ കേട്ട് ഭർത്താവ് ചിരിക്കുമെന്ന് അവൾക്ക് സംശയിക്കുകയോ ഭയപ്പെടുകയോ ചെയ്യാമായിരുന്നു. എന്നാൽ അവൾ സംസാരിച്ച് താൻ കേട്ട കാര്യങ്ങൾ പങ്കുവെക്കാൻ തീരുമാനിച്ചു. വിശ്വാസത്തിൽ പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യം അവളുടെ ധൈര്യം നമുക്ക് കാണിച്ചുതരുന്നു. ചിലപ്പോൾ വലിയ അനുഗ്രഹങ്ങളിലേക്ക് നയിച്ചേക്കാവുന്ന ചെറിയ സന്ദേശങ്ങൾ കൈമാറാൻ ദൈവം നമ്മെ ഉപയോഗിക്കുന്നു. മറ്റുള്ളവർ നമ്മെ സംശയിച്ചാലും വിശ്വാസത്തോടെ സംസാരിക്കാൻ നാം ഭയപ്പെടുകയോ ലജ്ജിക്കുകയോ ചെയ്യരുത്. ധൈര്യവും വിശ്വാസവും ദൈവത്തിന്റെ ശക്തി വെളിപ്പെടുത്തുന്നതിനുള്ള വഴി തുറക്കുമെന്ന് നയമാന്റെ ഭാര്യ നമ്മെ പഠിപ്പിക്കുന്നു.

5. ജ്ഞാനം

നയമാന്റെ ഭാര്യ തന്റെ തീരുമാനങ്ങളിൽ ജ്ഞാനിയായിരുന്നു. ദൈവത്തിന്റെ പ്രവാചകനിലൂടെ രോഗശാന്തി സാധ്യമാണെന്ന് അവൾ തിരിച്ചറിഞ്ഞ്, ഉടൻ തന്നെ ഭർത്താവിനോട് പറഞ്ഞു. അവളുടെ ജ്ഞാനം നയമാനെ രോഗശാന്തിയുടെ പാതയിലേക്കും സത്യദൈവത്തെക്കുറിച്ചുള്ള അറിവിലേക്കും നയിക്കാൻ സഹായിച്ചു. നയമാന്റെ ഭാര്യ, ദൈവഭക്തയായ ഭാര്യയുടെ ശാന്തവും എന്നാൽ ശക്തവുമായ സ്വാധീനം കാണിക്കുന്നു. വേലക്കാരിയായ പെൺകുട്ടിയുടെ വാക്കുകൾക്കും ഭർത്താവിന്റെ രോഗശാന്തിക്കും ഇടയിലുള്ള പാലമായിരുന്നു അവർ. യഥാർത്ഥ രോഗശാന്തി ദൈവത്തിൽ നിന്നാണെന്ന് നയമാന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. മരുന്നുകളും ഡോക്ടർമാരും പ്രധാനമാണ്, പക്ഷേ ആത്യന്തിക രോഗശാന്തി കർത്താവിനുള്ളതാണ്. നയമാന്റെ ഭാര്യ ഈ സത്യത്തിൽ വിശ്വസിക്കുകയും തന്റെ ഭർത്താവിനെ ദൈവത്തിന്റെ ദാസനിലേക്ക് നയിക്കുകയും ചെയ്തു. സ്നേഹം, വിശ്വാസം, ജ്ഞാനം എന്നിവയാൽ അവരെ നയിച്ചുകൊണ്ട് ഇന്നത്തെ ഭാര്യമാർക്കും അമ്മമാർക്കും അവരുടെ കുടുംബങ്ങൾക്ക് അനുഗ്രഹങ്ങൾ കൊണ്ടുവരാൻ കഴിയും.

നയമാന്റെ ഭാര്യയേക്കുറിച്ചുള്ള പരാമർശം ചെറുതായിരിക്കാം, പക്ഷേ നയമാന്റെ രോഗശാന്തിയിൽ അവളുടെ പങ്ക് അവിസ്മരണീയമാണ്. അവൾ എളിമ, വിശ്വാസം, സ്നേഹം, ധൈര്യം, ജ്ഞാനം എന്നിവയുള്ള ഒരു സ്ത്രീയായിരുന്നു. തന്റെ ദാസിയുടെ വാക്ക് ശ്രദ്ധിച്ചുകൊണ്ട് പ്രത്യാശയുടെ സന്ദേശം കൈമാറി, അവളുടെ കുടുംബത്തിന് ശാരീരികവും ആത്മീയവുമായ രോഗശാന്തി കൊണ്ടുവന്ന ഒരു വലിയ അത്ഭുതത്തിന്റെ ഭാഗമായി.

അവളുടെ ജീവിതം ചില പ്രധാന പാഠങ്ങൾ നമ്മെ പഠിപ്പിക്കുന്നു, എളിമയുള്ളവരായിരിക്കുക, ദൈവത്തിൽ വിശ്വസിക്കുക, നമ്മുടെ കുടുംബങ്ങളെ പരിപാലിക്കുക, ദൈവത്തിന് ആരെയും തന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റാൻ ഉപയോഗിക്കാൻ കഴിയുമെന്ന് തിരിച്ചറിയുക. നയമാന്റെ ഭാര്യയുടെ സന്ദേശം വ്യക്തമാണ്:, നാം താഴ്മയോടെയും വിശ്വാസത്തോടെയും സ്നേഹത്തോടെയും പ്രവർത്തിക്കുമ്പോൾ, ദൈവത്തിന് നമ്മിലൂടെ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിയും. ഒരു ശാന്തമായ ശബ്ദമോ വിശ്വാസത്തിന്റെ ഒരു ചെറിയ പ്രവൃത്തിയോ പോലും ജീവിതങ്ങളെ മാറ്റിമറിക്കും. സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ചെറിയ പ്രവൃത്തികൾ പോലും വലിയ അനുഗ്രഹങ്ങളിലേക്ക് നയിക്കുമെന്നും നയമാന്റെ ഭാര്യ ഇന്ന് എല്ലാ ക്രിസ്ത്യാനികൾക്കും ഒരു മാതൃകയായി നിലകൊള്ളുന്നു. പേര് വെളിപ്പെടുത്തിയിട്ടില്ലെങ്കിലുംനൂറ്റാണ്ടുകളായി അവളുടെ വിശ്വാസവും അനുസരണവും സംസാരിച്ചുകൊണ്ടേയിരിക്കുന്നു, ദൈവം തന്നിൽ വിശ്വസിക്കുന്നവരെ ബഹുമാനിക്കുന്നുവെന്നും സ്നേഹവും വിശ്വാസവും അവരുടെ വീടുകളെ നയിക്കുമ്പോൾ കുടുംബങ്ങൾ അനുഗ്രഹിക്കപ്പെടുമെന്നും നമ്മെ ഓർമ്മിപ്പിക്കുന്നു.

❑



ക്രിക്കറ്റ് ജേഴ്സി പ്രകാശനം

ഓർത്തഡോക്സ് ക്രൈസ്തവ പ്രസ്ഥാനം യു.എ.ഇ സോണലിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ക്രിക്കറ്റ് മത്സരത്തിന്റെ പങ്കെടുക്കുന്ന ഫുജൈറ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക യുവജനപ്രസ്ഥാനം ടീം അംഗങ്ങൾക്ക് വേണ്ടിയുള്ള പുതിയ ജേഴ്സിയുടെ ഔദ്യോഗിക പ്രകാശനം 2025 സെപ്റ്റംബർ 14 ഞായറാഴ്ച രാവിലെ വിശുദ്ധ കുർബ്ബാനക്കു ശേഷം ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.

നാലുന്നാക്കൽ പള്ളി സഭാ ഭരണഘടനപ്രകാരം ഭരിക്കപ്പെടണമെന്ന് മുൻസിഫ് കോടതി

കോട്ടയം: കോട്ടയം ഭദ്രാസനത്തിലെ നാലുന്നാക്കൽ സെൻറ് ആദായീസ് പള്ളി 1934 സഭാ ഭരണഘടനപ്രകാരം ഭരിക്കപ്പെടണമെന്ന് മുൻസിഫ് കോടതി. വികാരി ഫാ. ജേക്കബ് മാത്യു ചന്ദ്രത്തിൽ, സഹവികാരി ഫാ. ഗീവറുഗീസ് തോമസ് എന്നിവർ വാദിയായി ചങ്ങനാശ്ശേരി മുൻസിഫ് കോടതിയിൽ ഒ. എസ്.181/2022 നമ്പരായി നൽകിയ കേസിൽ ഇടവക 1934-ലെ ഭരണഘടനയ്ക്ക് അനുസൃതമായി ഭരിക്കപ്പെടണമെന്നും, വികാരിമാരെ നിയമിക്കുന്നതിന് പരിശുദ്ധ കാതോലിക്കാബാവായ്ക്കോ, ബാവായാൽ നിയമിക്കപ്പെടുന്ന മെത്രാപ്പോലീത്താമാർക്കോ മാത്രമേ അവകാശമുള്ളുവെന്നും, പാത്രിയർക്കീസ് ബാവായ്ക്ക് ഇടവകയിൽ യാതൊരു അവകാശവും അധികാരവുമില്ല എന്നും, നാലുന്നാക്കൽ സെന്റ് ആദായീസ് പള്ളി ഓർത്തഡോക്സ് സഭയുടെ ഭാഗമാണെന്നും സുപ്രീം കോടതിയുടെ 2017 വിധി അന്തിമമാണ് എന്നുമാണ് വിധി. പാത്രിയർക്കീസ് പക്ഷത്തിന്റെ വാദങ്ങളെല്ലാം മുൻസിഫ് കോടതി തള്ളിക്കളഞ്ഞു.

കെ. എസ്. വർഗീസ് കേസിലെ സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ പള്ളി ഭരിക്കപ്പെടുന്നതിന് വിധിനടത്തു ഹർജ്ജി നൽകാവുന്നതാണ് എന്നും ആയതിനാൽ പ്രത്യേക കേസ് ആവശ്യമില്ലെന്നും വിധിയിൽ പറയുന്നുണ്ട്. വാദിഭാഗത്തിനു വേണ്ടി അഡ്വ. എം. സി. സ്കറിയാ ഹാജരായി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം



സ്ലീബായ്ക്കുശേഷം ഒന്നാം ഞായർ

(വി. മർക്കോസ് 13:30–37)

ഫാ. മോൻസി ഫിലിപ്പ്

ജീവിതത്തിൽ പലതും നഷ്ടപ്പെടാം, പലതും മാറിപ്പോകാം. പക്ഷേ ദൈവ വചനം ഒരിക്കലും ഇല്ലാതാകുകയില്ല. ക്രിസ്തുവിന്റെ വരവ് ഉറപ്പാണ്. എന്നാൽ സമയമെപ്പോഴാണെന്ന് ആരും അറിയുന്നില്ല. അതുകൊണ്ട് എല്ലായ്പ്പോഴും സന്നദ്ധരായിരിക്കേണം എന്ന് സ്ലീബായ്ക്കു ശേഷം ഒന്നാം ഞായർ വേദഭാഗം (വി. മർക്കോസ് 13:30–37) ഓർമ്മിപ്പിക്കുന്നു. ആരാധനാവർഷത്തിലെ അവസാന കാലഘട്ടമാണ് സ്ലീബാകാലം. കർത്താവിന്റെ രണ്ടാം വരവ്, പുനരുത്ഥാരണം, ന്യായവിധി എന്നിവയെക്കുറിച്ചാണ് ഈ കാലഘട്ടത്തിൽ അനുസ്മരിക്കുന്നത്. വേദഭാഗത്തിലെ പ്രധാന ആശയങ്ങൾ യേശുക്രിസ്തുവിന്റെ പുനരാഗമനം, ദൈവവചനത്തിന്റെ അതുല്യത എന്നിവയാണ്. ആകാശവും ഭൂമിയും ഒഴിഞ്ഞുപോയാലും ദൈവവചനങ്ങൾക്ക് മാറ്റമുണ്ടാകയില്ല. അതിനാൽ ഭൗമിക മായതിൽ മാത്രം ആശ്രയിച്ചു ജീവിച്ചാൽ നിരാശയിലേക്ക് പോകും. കർത്താവിന്റെ വരവിനുവേണ്ടി ഒരുക്കത്തോടെ കാത്തിരിക്കുന്നവർ സന്തോഷത്തോടെ അവരുടെ ജോലികളിൽ വ്യാപൃതരാകും. അതിനായി ഉണർന്നിരുന്ന് പ്രാർത്ഥിക്കുക.

വേദഭാഗചിന്തകൾ

(1) 'ആകാശവും ഭൂമിയും ഇല്ലാതാകും. എന്റെ വചനങ്ങൾ ഇല്ലാതാകുകയില്ല' – യേശുക്രിസ്തു. വി. മർക്കോസ് 13:30–31

വചനത്തിന്റെ ശാശ്വതത്വം സൃഷ്ടി തന്നെ മാറും. എന്നാൽ ദൈവവചനം നിത്യമാണ്. 30–ാം വാക്യത്തിൽ യേശുതമ്പുരാൻ "ഇത് സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല" എന്നു സത്യമായി പറയുന്നു. ഇതിന്റെ അർത്ഥം യേശുവിന്റെ പ്രവചനം ക്രി. വ. 70–ൽ സത്യമായി യെരുശലേം ദേവാലയം തകർന്നു. എന്നാൽ ആത്മീയ "തലമുറ" വിശ്വാസികളുടെ തലമുറ ഒരിക്കലും ഇല്ലാതാകുകയില്ല.സഭ നിത്യമായി നിലനിൽക്കും.

"ഈ തലമുറ എന്നും ക്രിസ്തുവിൽ വിശ്വസിക്കുന്നവർ.അവരെ ഒരിക്കലും ശത്രു ഇല്ലാതാകുകയില്ല." – ഒറിഗൻ.

"യഹോവ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളത്; അവന്റെ വിശ്വസ്തത തലമുറ തലമുറതലമുറയായും ഇരിക്കുന്നു" (സങ്കീ. 100:5).

ഇത് സാക്ഷ്യങ്ങളാണ്. ഇങ്ങനെ ഒരു തലമുറ ഉണ്ടായിരുന്നു. അങ്ങനെ വിശ്വാസത്തിന്റെയും വിശ്വസ്തതയുടെയും ഒരു കാലം. ഇന്ന് ചിലതൊക്കെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണ്. മൂല്യങ്ങൾ, നന്മകൾ, വിശ്വാസങ്ങൾ, പ്രാർത്ഥനകൾ അങ്ങനെ തുടങ്ങി മനുഷ്യത്വം വരെ. അവിടെയാണ് 31–ാം വാക്യം. ക്രിസ്തു ഓർമ്മിക്കുന്നത്. ലോകത്തിലുള്ള എന്തുതന്നെ മാറിയാലും എന്റെ വചനം മാറില്ല എന്ന്.

"ക്രിസ്തുവിന്റെ വാക്കുകൾ ഒരിക്കലും വാടുകയില്ല. ലോകം തന്നെ മാറിയാലും, അവന്റെ സത്യവാക്യം ഒരിക്കലും മാറുകയില്ല." – സെന്റ് ജോൺ ക്രിസോസ്റ്റം.

ദൈവവചനം ഒരിക്കലും മാറില്ല. ലോകത്ത് പല തത്വസംഹിതകളും, ഇമ്പങ്ങളും, ആശയങ്ങളും കാലാകാലങ്ങളിൽ വരും പോകും. ദൈവവചനം ദൈവവചനം മാത്രം ശാശ്വതമായി നിലനിൽക്കും. ലോകത്തിലെ ഒന്നും സ്ഥിരമല്ല. മനുഷ്യജീവിതവും എത്രയേ ക്ഷണികമാണ്.

"കണ്ണേ മടങ്ങുക കരിഞ്ഞുമലിഞ്ഞുമാശു
മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ
എണ്ണിടുകിതാർക്കുമിതു താൻ ഗതി
കണ്ണീരിനാലവനി വാഴ്‌വു കിനാവുകഷ്ടം" (വീണപൂവ്, കുമാരനാശാൻ).

കാണപ്പെടുന്ന സകലതും, ബാഹ്യാന്തരീക്ഷങ്ങളും ഭൂമിയും സകലതും മാറിപ്പോകും. ദൈവം സൃഷ്ടിച്ച് നല്ലതെന്നു കണ്ടതെല്ലാം മനുഷ്യൻ മലിനമാക്കി. ഇവയെല്ലാം നശിക്കപ്പെടും. അതു ദൈവത്തിന്റെ പ്രവൃത്തിയാലാണ് നടക്കാൻ പോകുന്നത്. മാറ്റവും നാശവുമുള്ള ഈ ലോകത്തേയും അതിലുള്ള ഒന്നിനെയും സ്നേഹിക്കരുത്. നീങ്ങിപ്പോകുന്ന ഈ ലോകത്തിൽ മാറ്റമില്ലാതെ നിലനിൽക്കുന്നത് ദൈവത്തിന്റെ ജീവനുള്ള വചനം മാത്രമാണ്.

"കർത്താവിന്റെ വചനമോ എന്നേക്കും നിലനിൽക്കുന്നു (1 പത്രോ. 1:25).

കർത്താവിന്റെ വചനങ്ങൾ വിശ്വാസയോഗ്യവും ആശ്രയിക്കാവുന്നതുമാണ്. ഈ ലോകമനുഷ്യരുടെ വചനങ്ങൾക്ക് സ്ഥായീഭാവമില്ല. മാറ്റപ്പെടുക തന്നെ ചെയ്യും. ദൈവവചനത്തിൽ വിശ്വസിക്കുന്നവരും അതിനനുസൃതമായി ജീവിതം നയിക്കുന്നവരും കർത്താവിന്റെ രണ്ടാം വരവിനെ ഒരുക്കത്തോടെ സ്വീകരിക്കുന്നവരാണ്.

"ഭൂമി പൊളിഞ്ഞാലും, ക്രിസ്തുവിന്റെ വചനത്തിൽ ഉറച്ചു നിൽക്കുന്നവർ സുരക്ഷിതരാകും" – സെന്റ് ജോൺ ക്രിസോസ്റ്റം.

ദൈവവചനത്തിന്റെ പ്രത്യേകതകൾ

(1) ജീവനുള്ള വചനം

"ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർപെടുത്തുംവരെ തുളച്ചുചെല്ലുന്നതും. ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു." എബ്രാ. 4:12

സാധാരണ പുസ്തകങ്ങൾ അറിവ് നൽകുന്നു. എന്നാൽ ദൈവവചനം അറിവും ജീവനും നൽകുന്നു.

(2) സത്യവചനം

"നിന്റെ വചനം സത്യമാകുന്നു" വി. യോഹന്നാൻ 17:17

(3) നിത്യവചനം

"പുല്ലുണങ്ങുന്നു, പൂ വാടുന്നു, നമ്മുടെ ദൈവത്തിന്റെ വചനമോ എന്നേക്കും നിലനിൽക്കും" (യെശയ്യാവ് 40:8).

കാലങ്ങളെയും സാഹചര്യങ്ങളെയും മറികന്ന് വചനത്തിന് നിലനിൽപ്പുണ്ട്.

(4) പ്രകാശമുള്ള വചനം

"നിന്റെ വചനം കാലിന് ദീപവും എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു" (സങ്കീ. 119:105)

അന്ധകാരത്തിൽ വഴികാണിക്കുന്ന വിളക്കുപോലെ ദൈവവചനം നമ്മേ നയിക്കുന്നു.

(5) വിശ്വാസം ജനിപ്പിക്കുന്ന വചനം

"ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു." റോമർ 10:17

ദൈവവചനം കേൾക്കുമ്പോൾ നമ്മുടെ വിശ്വാസം ശക്തമാകുന്നു.

(6) ശുദ്ധീകരിക്കുന്ന വചനം

"സത്യത്താൽ അവരെ വിശുദ്ധീകരിക്കണമേ, നിന്റെ വചനം സത്യം ആകുന്നു" വി. യോഹ. 17:17

മനസ്സിനെയും ജീവിതത്തെയും വിശുദ്ധമാക്കുന്ന ശക്തി വചനത്തിനുണ്ട്.

(7) സൗഖ്യം നൽകുന്ന വചനം

"അവൻ തന്റെ വചനത്തെ അയച്ച് അവരെ സൗഖ്യമാക്കി" സങ്കീ. 107:20

ദൈവവചനം ജീവിതത്തിന് വഴികാട്ടിയും, ആത്മാവിന് ആഹാരവും വിശ്വാസത്തിന് ശക്തിയും ആണ്. അതുകൊണ്ട് തന്നെ നാം ദിവസേന ദൈവവചനം വായിക്കാനും, ധ്യാനിക്കാനും നമ്മുടെ ജീവിതത്തിൽ നടപ്പാക്കാനും ശ്രമിക്കണം.

വചനത്തിൽ ഉറച്ചു നിൽക്കുക. അപ്പോൾ മാത്രമേ ദൈവസന്നിധിയിൽ നമുക്ക് വിശ്വസ്തരായി നിൽക്കുവാൻ സാധിക്കുകയുള്ളു.

"ദൈവവചനം കേൾക്കുന്നവൻ ദൈവത്തിന്റെ വായിൽ നിന്നു വരുന്ന ഭക്ഷണം സ്വീകരിക്കുന്നു." – സെന്റ് അഗസ്റ്റിൻ.

കർത്താവിന്റെ രണ്ടാമത്തെ വരവ് – ഉണർന്നിരിപ്പിൻ

വി. മർക്കോസ് 13:32–37

കർത്താവിന്റെ രണ്ടാം വരവ്. അത് "ആ നാളും നാഴികയും സംബന്ധിച്ചോ പിതാവില്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല. (വി. മർക്കോസ് 13:32).

യേശു തന്നെ മനുഷ്യാവസ്ഥയിൽ "അറിയുന്നില്ല" എന്നു പറയുന്നത്. അവന്റെ മനുഷ്യസ്വഭാവത്തിന്റെ പരിധിയിൽ ആണ്. "പുത്രനും അറിയുന്നില്ല" എന്ന വാക്യത്തിന്റെ പേരിൽ കർത്താവിന്റെ ദൈവത്വം നിഷേധിച്ചു അറിയോസുകാർ; പുത്രൻ പിതാവിനു സമനല്ല എന്ന തർക്കം ആവിർഭവിച്ചപ്പോൾ, അലക്സന്ത്ര്യായിലെ വി. അത്താനാസ്യോസിന്റെ മറുപടി; "എനിക്ക് അറിഞ്ഞുകൂടാ" എന്നല്ല കർത്താവ് കല്പിച്ചത്. വചനമായ ദൈവമായ തനിക്ക് അതറിയാമായിരുന്നു. ഇവിടെ താൻ തന്റെ മനുഷ്യത്വത്തെ കാണിക്കുന്നു. മനുഷ്യസ്വഭാവത്തിൽ പെട്ടതാണ് എല്ലാം അറിയില്ല എന്ന നിലപാട്.

പിതാവിന്റെ സന്നിധിയിൽ മാത്രം ആ അന്തിമ ദിവസം വെളിപ്പെടും. പ്രവാചകന്മാരും ദൂതന്മാരും പോലും അറിയുന്നില്ല. അതുകൊണ്ട് നാം കാലത്തെ പ്രവചിക്കുന്നതിന് പകരം ഉണർന്നും പ്രാർത്ഥിച്ചും ഇരിക്കണം.

"ദിവസം അറിയാതെ വച്ചിരിക്കുന്നത് മനുഷ്യരെല്ലാവരും എല്ലായ്പ്പോഴും ജാഗ്രതയോടെ ഇരിക്കാനാണ്." – സെന്റ് അഗസ്റ്റിൻ.

കർത്താവിന്റെ വരവിന്റെ രഹസ്യാത്മകത എന്നത്

1. It is a hidden time
2. It is a Heavenly time

യജമാനന്റെ യാത്ര – ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം

"ഒരു മനുഷ്യൻ വീടുവിട്ടു പരദേശത്തു പോകുമ്പോൾ ദാസന്മാർക്കു അധികാരവും അവനവന് അതതു വേലയും കൊടുത്തിട്ട് വാതിൽക്കാവൽക്കാരനോട് ഉണർന്നിരിക്കുവാൻ കല്പിച്ചതുപോലെ തന്നെ." (വി. മർക്കോസ് 13:34).

യജമാനൻ – ക്രിസ്തു
യാത്ര – സ്വർഗ്ഗാരോഹണം
വീട് – സഭ
ദാസന്മാർ – വിശ്വാസികൾ
കാവൽക്കാർ – പുരോഹിതൻ

"ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തെങ്കിലും തന്റെ സഭയിൽ തന്റെ അധികാരവും പരിശുദ്ധാത്മാവിന്റെ ശക്തിയും നൽകി. ദാസന്മാർ തന്റെ തിരിച്ചുവരവിന് തയ്യാറായിരിക്കണം." – സെന്റ് സിറിൾ ഓഫ് അലക്സാന്ത്രിയ.

ക്രിസ്തുവിന്റെ വരവിനായി ഉണർന്നിരിക്കണം

യുഗാന്ത്യകാലഘട്ടത്തിൽ ജീവിക്കുന്ന നാമെല്ലാവർക്കും ഉണ്ടായിരിക്കേണ്ട ഗുണവൈശിഷ്ട്യമാണ് ഉണർന്നിരിക്കുക, ജാഗ്രതയോടെയിരിക്കുക. അത് പ്രാർത്ഥനയോടും വിശുദ്ധിയോടും കൂടെ....

"ആകയാൽ ഈ സംഭവിക്കുവാനുള്ള എല്ലാറ്റിനും ഒഴിഞ്ഞുപോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നിൽക്കുവാനും നിങ്ങൾ പ്രാപ്തരാകേണ്ടതിന് സദാകാലവും ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിക്കുവിൻ." (വി. ലൂക്കോസ് 21:36).

കർത്താവിന്റെ രണ്ടാമത്തെ വരവിനെ സ്വാഗതം ചെയ്യുവാനായി ഉണർന്നിരിക്കേണ്ടത് അനിവാര്യതയാണ്. വി. കുർബ്ബാനയിൽ ഏറ്റവും മനോഹരമായ ഒരു പ്രാർത്ഥനയുണ്ട്.

"കർത്താവേ, നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും ഉയിർത്തെഴുന്നേൽപ്പിനെ ഏറ്റുപറയുകയും, നിന്റെ രണ്ടാമത്തെ എഴുന്നെള്ളത്തിനായി നോക്കിപ്പാർക്കുകയും ചെയ്യുന്നു." വിശ്വാസത്തോടും, ജാഗ്രതയോടും, പ്രാർത്ഥനയോടും കൂടി കർത്താവിന്റെ വരവിനായി നോക്കിപ്പാർക്കുന്നവരുടെ കൂട്ടായ്മയാണ് വി. സഭ.

"വിശ്വാസിയുടെ കണ്ണുകൾ ഉറങ്ങാമെങ്കിലും ഹൃദയം ഒരിക്കലും ഉറങ്ങരുത്, കാരണം ഹൃദയം ദൈവത്തിന്റെ സിംഹാസനമാണ്" – സെന്റ് എഫ്രേം ദി സിറിയൻ.

ഒരു വിശ്വാസി ഉറങ്ങാതെ ജാഗ്രതയിൽ എങ്ങനെ ജീവിക്കണം.

1. പ്രാർത്ഥനയിൽ (വി. ലൂക്കോസ് 21:36)
2. സൽപ്രവൃത്തികളിൽ (വി. മത്തായി 25:35–36)
3. വിശുദ്ധിയിൽ (1 പത്രോ. 1:15–16)

ക്രിസ്തീയ ജീവിതം ഒരു തുടർച്ചയായ ജാഗ്രതയിൽ ആയിരിക്കണം, ഉറക്കം ആത്മീയ. അലംഭാവത്തിന്റെ പ്രതീകമാണ്. ജാഗ്രത ആത്മീയ ജീവിതവും വിശ്വാസ ജീവിതത്തിലെ ഉത്തരവാദിത്തവുമാകുന്നു.

ഉണർന്നിരിപ്പിനെ കുറിച്ച് ചില ചിന്തകൾ

(1) ഉണർന്നിരിപ്പ് – വിശ്വാസത്തിന്റെ തെളിവ്

ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു." (യാക്കോബ് 2:26).

ഉണർവ്വുള്ള വിശ്വാസം പ്രവൃത്തികളാൽ തെളിയണം.

(2) ഉണർന്നിരിപ്പ് – ആത്മാവിന്റെ യുദ്ധം

"നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു." 1 പത്രോ. 5:8

(3) ഉണർന്നിരിപ്പ് – പ്രാർത്ഥന

"ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ." വി. ലൂക്കോസ് 21:36

പ്രാർത്ഥന ഇല്ലാത്തവൻ ആത്മീയമായി ഉറങ്ങിപ്പോയവനാണ്.

(4) ഉണർന്നിരിപ്പ് – മരണത്തെ ഓർക്കുക

"ഓരോ പ്രവൃത്തിയും ചെയ്യുമ്പോൾ ജീവിതാന്തത്തെപ്പറ്റി ഓർക്കണം; എന്നാൽ നീ പാപം ചെയ്യുകയില്ല." (പ്രഭാഷകൻ 7:36).

മരണം അപ്രതീക്ഷിതമായി വരും; അതിനാൽ തയ്യാറായി ജീവിക്കുക.

(6) ഉണർന്നിരിപ്പ് – കരുണാനിർഭരമായ പ്രവൃത്തികൾ (വി. മത്തായി 25:31–46)

സത്യമായ ജാഗ്രത കാർമ്മിക സ്നേഹത്തിലൂടെ തെളിയുക.

(6) ഉണർന്നിരിപ്പ് – സഭാജീവിതത്തിൽ പങ്കാളിത്താ....

വി.കുർബ്ബാന, നിത്യപ്രാർത്ഥന നോമ്പുകൾ ഇവ ആത്മാവിനെ ഉണർത്തുന്നു.

ഉണർന്നിരിപ്പ് – ക്രിസ്തുവിന്റെ വരവിനോടുള്ള പ്രതീക്ഷ.

"നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു: അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു" (ഫിലിപ്യർ 3:20).

ജാഗ്രത പ്രതീക്ഷയിൽ ഉറച്ചു നിൽക്കലാണ്.

ഒറ്റവാക്കിൽ

ഉണർന്നിരിപ്പിൻ = വിശ്വാസം + പ്രാർത്ഥന + വിശുദ്ധി + കരുണ + പ്രതീക്ഷ.

ഇങ്ങനെ ജീവിക്കുന്നവനെ കർത്താവ് തന്റെ രാജ്യത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

"രാത്രിയിലെ വിളക്കുപോലെ, ക്രിസ്ത്യാനി ഇരുട്ടിൽ ജാഗ്രതയോടെ പ്രകാശിക്കണം." – സെന്റ് എഫ്രേം ദി സിറിയൻ

❑

Church Calendar

Second Sunday After the Holy Cross

Beware of the Leaven

(St. Matthew 16:5–12)



Fr Aaron Joshua John

In today's Gospel reading from Matthew 16:5–12, we encounter Jesus warning His disciples about the "leaven of the Pharisees and Sadducees." At first, the disciples misunderstand, thinking Christ was speaking about physical bread. But the Lord clarifies that He was warning them of the corrupting influence of false teaching and hypocrisy. Leaven in Jewish thought symbolized influence that spreads silently yet pervasively. Just as a small amount of yeast permeates an entire lump of dough, so too falsehood, hypocrisy, and distorted religion can infect and poison the community of God's people. This passage challenges us to discern what shapes our faith, is it the truth of Christ, or the leaven of human pride and distortion?

1. Guarding Against the Leaven of False Teaching

The first lesson we receive from this passage is the necessity of spiritual vigilance. Jesus identifies the danger of the Pharisees and Sadducees not because they lacked zeal, but because their zeal was misplaced. The Pharisees clung to external legalism, reducing the covenant to a burdensome system, while the Sadducees diluted faith by denying the resurrection and supernatural realities. Both groups allowed human reasoning or tradition to corrupt the truth of God's revelation.

This warning recalls the words of the prophet Hosea: "My people are destroyed for lack of knowledge" (Hos. 4:6). The people of Israel were led astray because their leaders failed to anchor themselves in God's living word. St. John Chrysostom, commenting on this passage, notes that Christ does not say "beware of the Pharisees" as persons, but "beware of their teaching," teaching us to reject error while still loving persons. In our own day, we too face teachings that distort the Gospel: prosperity without the cross, ritual without repentance, nationalism disguised as piety. The leaven of these errors spreads subtly, and if we are not watchful, we may find our hearts slowly reshaped by values foreign to Christ. The Orthodox Church, through the liturgy, constantly draws us back to truth. In every Holy Qurbana, the priest prays: "Sanctify us by Thy truth, O Lord." The sacramental rhythm preserves us from corruption, reminding us that our faith is not an ideology but participation in the living Christ. Thus, guarding against false teaching is not only an intellectual task but also a sacramental discipline of staying rooted in Christ's body, the Church.

2. Nurturing the Leaven of the Kingdom

If Jesus warns us against corrupt leaven, He also calls us to embrace the holy leaven of the Kingdom of God. In Matthew 13:33, Christ compares the Kingdom to leaven that a woman hides in three measures of flour until all is leavened. Here, leaven symbolizes transformation, the quiet, unseen growth of God's reign in the world. Just as destructive leaven can corrupt, holy leaven can sanctify. To nurture this leaven is to let the Gospel permeate every aspect of life. St. Cyril of Alexandria teaches that true leaven is the Spirit of Christ, working within believers to transform them into His likeness. This growth is not sudden but gradual, sanctifying the heart, the family, and the community. The Eucharist itself is a profound symbol of this



transformation: bread and wine, once ordinary, become by the Spirit the Body and Blood of Christ, sanctifying those who partake. Thus, in Christ, ordinary life is leavened with divine grace.

In a world that often prizes instant results, the Kingdom's leaven reminds us that faith matures slowly, through prayer, repentance, acts of mercy, and daily obedience. When we remain faithful, the Gospel spreads through us into society, offering hope in a culture marked by cynicism and despair. Just as one spark can ignite a flame, one faithful disciple can become leaven for a whole community.

Beloved in Christ, the Lord sets before us two types of leaven, one that corrupts and one that sanctifies. The leaven of falsehood creeps in unnoticed, turning faith into empty ritual or hollow ideology. The leaven of the Kingdom, by contrast, quietly transforms us into vessels of God's light and truth. As Orthodox Christians, we are called to reject the corrupt leaven of our age and instead allow the Spirit of Christ to leaven our lives through Word, Sacrament, and faithful living. May we, then, approach the Holy Qurbana today with vigilant hearts, asking Christ to guard us from falsehood and to fill us with the leaven of His Kingdom, until all our lives are permeated with His grace.




എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും എം.ബി.എ (ഫിനാൻസ് & എച്ച്. ആർ) ൽ ഒന്നാം റാങ്ക് നേടിയ സ്നേഹ മേരി സന്തോഷ്. കേരള സർവകലാശാലയിൽ നിന്ന് ബി.എം. കോമിൽ അഞ്ചാമത്തെ റാങ്ക് നേടിയിരുന്നു. പന്തളം അറത്തിൽ സെന്റ് ജോർജ് ഓർത്തഡോക്സ് മഹാ ഇടവക അംഗം മങ്ങാരം നെടുംങ്ങോട്ട് സന്തോഷ് എൻ.കെ. യുടെയും ലാലി സന്തോഷിന്റെയും മകൾ ആണ്.

മറുപുറം

കുന്തിരിക്കം

(അവൾ സ്വയം പുകയുന്ന കുന്തിരിക്കം...)

ഫാ. അജീഷ് ബാബു



ഗുരു തന്റെ കണ്ണ് ഭണ്ഡാരത്തിൽ പണമിടുന്ന മനുഷ്യരിലേക്ക് മാത്രം കേന്ദ്രീകരിച്ചിരിക്കുന്നു. ദേവാലയത്തിൽ കൂടിയ മനുഷ്യരുടെ വഴിപാടു സമർപ്പണത്തിൽ പല വൈകാരികഭാവങ്ങളാണ് ഗുരു കാണുന്നത്.

വായ് തുറന്നു നിൽക്കുന്ന ഭണ്ഡാരത്തിൽ മനസ്സിന് തുറവില്ലാത്ത മനുഷ്യർ നീതിപുലർത്താത്ത പണത്തുട്ടുകൾ ദൈവത്തിന് ഇട്ടുകൊടുത്തിട്ട് പോയി. അതിനു കാരണം ദേവാലയത്തിലെ ഭണ്ഡാരങ്ങൾ സാമൂഹ്യമായ ഒരു കരുതലിന്റെ ഭാഗമായി വായ്തുറന്ന് നിൽക്കുന്നതാണ് എന്ന ബോധ്യം അവരിൽ കുറവാണ്. വഴിപാട് സമർപ്പിക്കുമ്പോൾ സ്വയം സമർപ്പിക്കാൻ മറന്നുപോകുന്ന മനുഷ്യരെ ഗുരു പുഞ്ചിരിയോടെയാണ് നോക്കുന്നത്, അതിലേറെ ഗുരുവിന്റെ നിശബ്ദതയും.

തുറവിയുള്ള ദൈവസാന്നിധ്യത്തിന് മുമ്പിൽ

തുറവില്ലാത്ത മനുഷ്യരെ കാണുമ്പോൾ ഗുരുവിന് മൗനമേയുള്ളൂ, ശബ്ദിക്കുവാൻ വാക്കുകളോ നടപ്പിലാക്കുവാൻ ആഗ്രഹങ്ങളോ ഇല്ല.

അനാഥർക്ക് വേണ്ടി വായ് തുറന്നു നിത്യവും സ്ഥിതി ചെയ്യുന്ന ഭണ്ഡാരങ്ങൾ എല്ലാ സിനഗോഗിലും ദേവാലയത്തിലും ഉണ്ടായിരുന്നു. ജൂത സമുദായത്തിൽ സദക്കം (വലറമസമവ) അതായത് ദാനധർമ്മം ഒരു പ്രധാന ആചാരമായിരുന്നു. ഇതിന്റെ ഭാഗമായാണ് സിനഗോഗിൽ പൊതുചാരിറ്റി പെട്ടികൾ ഉണ്ടായിരുന്നത്. ഇവയ്ക്ക് 'വലറമസമവ യീഃ' എന്നുപറയാറുണ്ട്. ഇത് ദരിദ്രർക്കും, അനാഥർക്കും, സഭയുടെ ആവശ്യങ്ങൾക്കുമായി ഉപയോഗിച്ചിരുന്നു. ഇങ്ങനെ ടാൽമൂദിക് (ഠമഹാൗറശര) സാഹിത്യത്തിൽ വിവരമുണ്ട്.

വഴിപാട് പെട്ടിയുടെ ഇരിപ്പിടം:

ദേവാലയത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേപോലെ പ്രവേശിക്കുവാൻ കഴിയുന്ന സ്ഥലത്താണ് വഴിപാട് പെട്ടികൾ വെച്ചിരുന്നത്. എന്നാൽ അതിനോടൊപ്പം തന്നെ പുരുഷന്മാർക്കും പുരോഹിതർക്കും സ്ത്രീകൾക്കും പ്രത്യേകം വഴിപാട് സമർപ്പിക്കുവാനുള്ള പെട്ടികളും ഉണ്ടായിരുന്നു. ജെറുസലേം ദേവാലയത്തിൽ ഏതാണ്ട് 13 വഴിപാട് പെട്ടികൾ ഉണ്ടായിരുന്നു. എന്നാൽ പ്രവാസി ജൂതന്മാർക്ക് വേണ്ടി വിവിധ സ്ഥലങ്ങളിൽ രൂപപ്പെട്ടുവന്ന സിനഗോഗ് ആരാധനാപചാത്തലത്തിൽ എല്ല സിനഗോഗുകളിലും വഴിപാട് പെട്ടികൾ ഉണ്ടായിരുന്നു. സിനഗോഗുകളിൽ മറ്റുള്ളവരുടെ സഹായത്തിനായുള്ള സംഭരണികൾ ഉണ്ട് അത് അനാഥർ, വിധവമാർ, ദരിദ്രർ ഇങ്ങനെയുള്ളവരെ സഹായിക്കുവാനാണ്. എന്നാൽ പ്രത്യേകമായൊരു 'വഴിപാട് പെട്ടി' ആരാധനയുടെ ഭാഗമായി ആരാധനക്കിടെ പണമിടൽ എന്നത് നിർബന്ധമായ ആചാരമല്ല.

മറയിട്ട ജീവിതങ്ങൾ:

വായ്തുറന്ന ഭണ്ഡാരമുൻപിൽ മറയിട്ട ജീവിതങ്ങൾ വന്നു പോയി, 'അവർ പലരും വളരെയിട്ടു' ഒമൃസ 12: 41. പലരും എന്ന പദം എല്ലാവരും എന്നർത്ഥമല്ല, അതൊരു ന്യൂനപക്ഷത്തിന്റെ പേരാണ്. എന്നാൽ ഭൂരിപക്ഷം വായ്തുറന്ന ഭണ്ഡാരമുൻപിൽ മുഖംമൂടികൾ ഇട്ട് മൗനമായി നടന്നുപോയി. ഭക്തിയെ സാമൂഹ്യമായി കാണാത്ത മനുഷ്യരുടെ ആത്മീയത അപകടമുള്ളതാണ്. ദൈവത്തിന്റെ വയറു നിറയ്ക്കുവാനുള്ള ഇടമല്ല വഴിപാട് പെട്ടികൾ മറിച്ച് ദൈവത്തിന് ലോകത്തോട് വെളിപ്പെടുത്തേണ്ട സ്നേഹത്തിന്റെ അടയാളപ്പെടുത്തലിന്റെ ഇടമാണ്. അതുകൊണ്ടു ദരിദ്രരുടെ പക്ഷത്തുനിന്നാണ് ഭണ്ഡാരങ്ങൾ വായ്തുറക്കുന്നത്. ആത്മീയതയിൽ മുഖംമൂടിയുള്ള മനുഷ്യർ ദൈവത്തെ തീറ്റി തൃപ്തിപ്പെടുത്തുവാൻ ശ്രമിക്കുന്ന ഇടമായി ഭണ്ഡാരങ്ങളെ അടയാളപ്പെടുത്തുമ്പോൾ, യേശുവിന്റെ നിശബ്ദത അത് അംഗീകാരമല്ല മറിച്ച് പരിഹാസമാണ്. പൊരുത്തക്കേടുകൾ ഉള്ള ആത്മീയതയ്ക്ക് നേരെ മൗനം പരിഹാസമായി മാറുന്നു.

ഉപജീവനം അതിജീവനത്തിന്:

അവളെ പരിചയപ്പെടുത്തുന്നത് 'ദരിദ്രയായ ഒരു വിധവ' എന്നാണ്. ജീവിതത്തിന്റെ ഒരുപുറം അനാഥത്വം ആണെങ്കിൽ മറുപുറം അവൾ ദാരിദ്ര്യത്തിലാണ്. അവൾ ജീവിതത്തിൽ ആകെ കരുതിയിരിക്കുന്ന പണം 'ഒരു പൈസയ്ക്കു ശരിയായ രണ്ടു കാശ്' മാത്രമാണ്. ജീവിതത്തിൽ ഉള്ളത് മുഴുവനും ആയിട്ടാണ് അവൾ ദേവാലയത്തിൽ വന്നത്. ദേവാലയത്തിൽ കൊണ്ടുവരുവാൻ കഴിയാത്തതൊന്നും അവളുടെ പക്കലില്ല. വായ്തുറന്ന ഭണ്ഡാരതിലേക്ക് പണം ഇട്ടുകൊണ്ടിരുന്നവരുടെ തിരക്ക് ഒഴിഞ്ഞപ്പോൾ, അവൾ വളരെ സാവധാനം മുന്നോട്ടുവന്നു. ആകെ കരുതിയിരിക്കുന്ന 'ഒരു പൈസയ്ക്കു ശരിയായ രണ്ടു കാശ്' ഭണ്ഡാരതിലേക്ക് ഇട്ടു. ഇനി അവൾ സ്വതന്ത്രയാണ്, അവളുടെ ശരീരം മാത്രമേ ഇനി അവൾക്കുള്ളൂ. സൂക്ഷിച്ചു കരുതാനുള്ള വസ്തുക്കൾ കൈകളിൽ ഇല്ലെങ്കിൽ മനുഷ്യനിൽ ഉണ്ടാകുന്ന ഒരു സന്തോഷമുണ്ട്. അത് അവളിൽ പ്രകടമാണ്. ദരിദ്രരുടെയും അനാഥരെയും കരുതേണ്ട ദേവാലയത്തിലെ ഭണ്ഡാരതിലേക്ക് തന്റെ ഒരു പൈസയ്ക്കു ശരിയായ രണ്ടു കാശ് ഇട്ടപ്പോൾ അവൾ ദേവാലയുമായി മാറി.

ദേവാലയത്തിലെ കുന്തിരിക്കത്തിന്റെ പുക ഇതുവരെ തീർന്നിട്ടില്ല...

ഗുരുവിന്റെ നോട്ടം അവളുടെ ഒരു പൈസയ്ക്കു ശരിയായ രണ്ടു കാശ് ഇടുന്നത് കണ്ടപ്പോൾ തനിക്ക് പിതാവിനോടുള്ള സമർപ്പണത്തിന്റെ ആഴം, ഒരു ധ്യാനമായി മാറി. ദരിദ്രയായ അവൾ അതീവ ദരിദ്രയായി മാറി. സമർപ്പിതനായ ക്രിസ്തു അതീവ സമർപ്പിതനായി. കുന്തിരിക്കത്തോടൊപ്പം അവളും ദേവാലയത്തിൽ പുകയുന്നു. അവൾ കുന്തിരിക്കമായി, ദരിദ്രർക്കു വേണ്ടി അതീവ ദരിദ്രയായി മാറിയ

ഒരു പൈസയ്ക്കു ശരിയായ രണ്ടു കാശ് ഇട്ട വിധവ.

രണ്ടു കാശ് ഒരു കലാപത്തിന്റെ പണമാണ്, ആത്മീയ കലാപത്തിന്റെ പണം. ദരിദ്രക്കുവേണ്ടി വായ് തുറക്കുന്ന ഭണ്ഡാരങ്ങൾ ദൈവത്തെ തീറ്റി

വയറുനിറക്കുന്ന ഇടങ്ങളല്ല എന്ന് ഓർമ്മപ്പെടുത്തുന്ന ആത്മീയ കലാപം.

കമ്പിളികണ്ടത്തെ കൽഭരണികൾ എന്ന പുസ്തകത്തിൽ ബാബു എബ്രഹാം തന്റെ ബാല്യകാലത്തെ അനാഥമന്ദിരത്തിലെ ജീവിതത്തെ ഓർക്കുന്നതിങ്ങനെയാണ്.

ഞങ്ങൾ മൂന്നുപേരെയും അനാഥശാലയിലാക്കി അമ്മ അന്ന് നടന്നുനീങ്ങിയപ്പോൾ എന്നിലെ കുട്ടിയും കുട്ടിത്തരവും മരിച്ചു തുടങ്ങുകയായിരുന്നു. ഞാവൽപ്പഴങ്ങളും ആനിക്കാവളയും കശുമാങ്ങയും എനിക്ക് അന്യമായി. അമ്മ അകലേക്കു നടന്നകന്ന് ഒരു പൊട്ടുപോലെ ആയിത്തീർന്നപ്പോൾ ലോകംതന്നെ ഇല്ലാതായതുപോലെ എനിക്ക് തോന്നി. കാറ്റിൽ പറന്നുകളിച്ച മൺപടലങ്ങളും ഞാനും കടന്നുപോയ അംബാസഡർ കാറിന്റെ പിന്നാലെ പാഞ്ഞു. പിറകെ പറന്നുവന്ന അപ്പൂപ്പൻതാടിപ്പൂക്കൾ എന്നെ തൊട്ടുരുമ്മി കാറ്റിന്റെ ഗതിക്കൊപ്പം പോയപ്പോൾ അവയെ ഓടിച്ചിട്ടുപിടിക്കാനുള്ള ബാല്യവികാരങ്ങൾ എന്നിൽ അസ്തമിച്ചിരുന്നു. പല നിറത്തിലുള്ള കൊങ്ങിണിപ്പൂക്കൾ അനാഥമന്ദിരത്തിന്റെ തൊടിയിലെ വേലികളിൽ നിറഞ്ഞുനിന്നെങ്കിലും അവയെന്നിൽ ഒരു വികാരവും ഉണർത്തിയില്ല.

വായ് തുറക്കുന്ന ഭണ്ഡാരങ്ങൾ ദരിദ്രർക്ക് വേണ്ടിയാണ്.

❑



രാജസ്ഥാനിലെ അബു റോഡ് സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഇടവക പെരുന്നാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാനന്തരം യുവജന പ്രസ്ഥാനം പ്രവർത്തന ഉദ്ഘാടനം 'റഹമാ' ലോഗോ പ്രകാശനം ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായുടെയും ഡോ. ഗീവർഗീസ് മാർ യൂലിയോസിന്റെയും മുഖ്യ കാർമികത്വത്തിൽ നടന്നു. ഇടവക വികാരി ഫിലിപ്പോസ് റമ്പാൻ, സഹ വികാരി ഫാ. ജിബു, ട്രസ്റ്റി ബെൻസൻ റ്റി. സജി, സഭ മാനേജിംഗ് കമ്മിറ്റിയംഗവും തുമ്പമൺ ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറിയുമായ നിധിൻ മണക്കാട്ടുമണ്ണിൽ, യുവജനപ്രസ്ഥാന സെക്രട്ടറി കുമാരി ബിൻസി കെ. എന്നിവർ സന്നിഹിതരായിരുന്നു



പി. പി. മുകുന്ദൻ സേവാപുരസ്ക്കാരത്തിന് (25,000 രൂപ) സാമൂഹിക പ്രവർത്തക എം. എസ്. സുനിൽ അർഹയായി. അശരണരായ ഒട്ടേറെപ്പേർക്ക് വീടുവെച്ചു നൽകിയ സുനിൽ ദേശീയ നാരീശക്തി പുരസ്ക്കാര ജേതാവുമാണ്.



Aashiya Anitha Shaji obtained her (PhD) Doctor of Astronomy and Astrophysics from the University of Sorbonne in Paris. The title of the thesis is"Tracing Gas Flows in Nearby Galaxies: Internal Fountains and External Ram Pressure Stripping". She is a member Of Paris St Mary's Indian Orthodox Congregation & the OCYM Secretary of St. Mary's IOC Paris. Her Home Parish is Nariyapuram Immanuel Orthodox Valiyapally.



കരുതൽ പാലിയേറ്റീവ് കെയർ

കോട്ടയം മെത്രാസന ശതോത്തര സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ചീരഞ്ചിറ Fr T C Jacob Memorial Holistic Hub ൽ വച്ച് 'കരുതൽ' പാലിയേറ്റീവ് കെയറിന്റെ ഉദ്ഘാടനം കോട്ടയം മെത്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് നിർവ്വഹിച്ചു. ഹോളിസ്റ്റിക് ഹബിൽ ചേർന്ന യോഗത്തിൽ കോട്ടയം മെത്രാസന സെക്രട്ടറി ഫാ. കെ. എം. സഖറിയ അധ്യക്ഷത വഹിച്ചു. പാലിയേറ്റിവ് കെയറിന്റെ കൺവീനർ ഫാ. ലൈജു മർക്കോസ് പടിയറ, ഫാ സഖറിയ തോമസ്, സാം വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു.

തുടർ പ്രവർത്തനം എന്നുള്ള നിലയിൽ രോഗികളെ പരിചരിക്കുവാനായി ഭവനങ്ങൾ സന്ദർശിക്കുകയും, രോഗികൾക്ക് ആവശ്യമായിരിക്കുന്ന മെഡിക്കൽ ഉപകരണങ്ങൾ അവരുടെ ആവശ്യമനുസരിച്ച് ഭവനങ്ങളിൽ കൊടുക്കുകയും ചെയ്യുന്ന പരിപാടിയാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഇതിനോടനുബന്ധിച്ച് ഹോളിസ്റ്റിക് ഹബിൽ നടന്നു വന്നിരുന്ന 'കതിർ' ജൈവ കൃഷിയുടെ ആദ്യ വിളവെടുപ്പും അഭിവന്ദ്യ തിരുമേനി നിർവഹിച്ചു. ചീരഞ്ചിറ ഹോളിസ്റ്റിക് ഹബ് പാലിയേറ്റീവ് കെയറിന്റെ സെന്ററാക്കി, കോട്ടയം മെത്രാസനത്തിലെ 8 ഡിസ്ട്രിക്ടിലും പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനും തീരുമാനിച്ചു.



അഖില മലങ്കര പ്രാർത്ഥനയോഗം എല്ലാ ഇടവകളിലെയും എല്ലാ യൂണിറ്റുകളും രജിസ്റ്റർ ചെയ്യുക എന്ന ക്യാമ്പയിനിന്റെ കേന്ദ്രതല ഉദ്ഘാടനം തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു. ഇടവക വികാരി ഫാ. ജിജി ശാമുവേലിന്റെ അധ്യക്ഷയിൽ കൂടിയ യോഗം വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ പരിപാടികളുടെ ഉദ്ഘാടന കർമ്മം നിർവഹിച്ചു.